

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

എടക്കാട് ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/ സി.8/1090/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 24/09/2025
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടക്കാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1.ജോയിന്റ് ഡയറക്ടർ,എൽ.എസ്.ജി ഡി കണ്ണൂർ(ഇ.മെയിൽ)

2.ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം,(AIMS ൽ)
3.ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/ സി.8/1090/25 തീയ്യതി: 24/09/2025

കണ്ണൂർ ജില്ലയിലെ എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-06-2024 മുതൽ 22-06-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-06-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി രമ രാജൻ	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	23-06-2025	28-06-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
23-06-2025	28-06-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ഷൈമകുമാരി.എസ്.എൽ,ഓഡിറ്റ് ഓഫീസർ ഹയർഗ്രേഡ്,
ശ്രീമതി.ഷിജില.വി.ഡി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.നിഖിൽ.കെ.ഓഡിറ്റർ
ശ്രീമതി.രേഷ്മ.പി.ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.പ്രമീള.പി.കെ	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീമതി.പ്രസീത.കെ.വി	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.നിഷ.വി.വി	അസിസ്റ്റന്റ് എക്സിക്യുട്ടിവ് എഞ്ചിനീയർ	01-04-2024	31-03-2025
ശ്രീ.ജയരാജ്.പി	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	31-03-2025
ഡോ.മായ.കെ	മെഡിക്കൽ എഫീസർ	01-04-2024	31-03-2025
ശ്രീമതി.ജീന.സി	എസ് സി ഡി ഒ	01-04-2024	31-03-2025
ശ്രീ.അഖിൽ.കെ	ഐ ഇ ഒ	01-04-2024	31-03-2025
ശ്രീമതി.ദിവ്യ.സി	സി ഡി പി ഒ	01-04-2024	29-05-2024
ശ്രീമതി.ജയമിനി.	സി ഡി പി ഒ	30-05-2024	05-07-2024
ശ്രീമതി.സുനിത.പി.എസ്	സി ഡി പി ഒ ഇൻ ചാർജ്	06-07-2024	17-07-2024
ശ്രീമതി.രജനി.എം	സി ഡി പി ഒ	18-07-2024	31-03-2025
ശ്രീമതി.സുജയ.വി.കെ	സി ഡി പി ഒ (അഡീഷണൽ)	01-04-2024	31-05-2024
ശ്രീമതി.രേണുക	സി ഡി പി ഒ (അഡീഷണൽ)	01-06-2024	08-07-2024
ശ്രീമതി.ദിവ്യ.സി	സി ഡി പി ഒ (അഡീഷണൽ)	09-07-2024	31-12-2024
ശ്രീമതി.രജനി.എം	സി ഡി പി ഒ (അഡീഷണൽ)ചാർജ്ജ്	01-01-2025	15-01-2025
ശ്രീമതി.സ്മിത.കെ	സി ഡി പി ഒ	16-01-2025	31-03-2025
ശ്രീമതി.സീമ സഹദേവൻ	എ ഡി എ	01-04-2024	02-08-2024

ശ്രീമതി.ശ്രുതിലക്ഷ്മി.പി.ജി	എ ഡി എ (അധിക ചുമതല)	03-08-2024	05-11-2024
ശ്രീമതി.രസ്ന.കെ.പി	എ ഡി എ (അധിക ചുമതല)	06-11-2024	11-11-2024
ശ്രീമതി.അഞ്ജു പത്മനാഭൻ	എ ഡി എ (അധിക ചുമതല)	12-11-2024	02-12-2024
ശ്രീമതി ഫാജിത റഹ്മാൻ.എം	എ ഡി എ	03-12-2024	01-02-2025
ശ്രീമതി സക്കീന.സി.പി	എ ഡി എ (അധിക ചുമതല)	02-02-2025	31-03-2025
ശ്രീ. ജയൻ	ഡി ഇ ഒ	01-04-2024	31-08-2024
ശ്രീ. മുഹമ്മദ് അർഷാദ്	ഡി ഇ ഒ	01-09-2024	08-12-2024
ശ്രീമതി റിസ്വാന പി കബീർ	ഡി ഇ ഒ	09-12-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല	1-1-1
3	അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല	1-1-2
4	ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം ബാലൻസ് ഷീറ്റിൽ (ബി-11-ൽ) ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ല.	1-1-3
5	B-11 ഷെഡ്യൂളിൽ പരാമർശിച്ച ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിലുള്ള ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല	1-1-4
6	അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.	1-1-5
7	വികസന ഫണ്ട് ജനറൽ സുലേഖ ചെലവ് പത്രികയിലെയും വാർഷിക ധനകാര്യ പത്രികയിലെയും ചെലവ് തുകകൾ പെരുത്തപ്പെടുന്നില്ല	1-1-6
8	വിവിധ പ്രോജക്ടുകളുടെ മുഴുവൻ ചെലവ് വിവരങ്ങൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.	1-1-7
9	ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നൽകി വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത പ്രവൃത്തികളുടെ വിവരം ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-8
10	ബജറ്റ്	1-2
11	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
12	ഫണ്ട് വിനിയോഗം	1-4
13	പദ്ധതി അവലോകനം	1-5
14	ക്യാഷ് ബാലൻസ് പരിശോധന	1-6
15	ആഭ്യന്തര നിയന്ത്രണ സംവിധാനം	1-7
16	കമ്മിറ്റികളുടെ പ്രവർത്തനം	1-8
17	കെട്ടിട വാടക വരവ്-അപാകങ്ങൾ	1-9
18	ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ-രേഖകൾ ഹാജരാക്കിയിട്ടില്ല	1-10
19	ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം - സബ്സിഡി നൽകിയതിലെ അപാകം	1-11
20	വാങ്ങലുകൾക്ക് ക്വട്ടേഷൻ നടപടികൾ പാലിച്ചതിന് വ്യക്തതയില്ല	1-12
21	സി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ ലഭ്യമായതിന്റെ അനുബന്ധ രേഖകൾ ഹാജരാക്കാത്തതിനാൽ ₹1100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-13
22	ടെണ്ടർ നടപടികളിൽ പങ്കെടുക്കാത്ത സ്ഥാപനത്തിൽ നിന്നും വാങ്ങലുകൾ നടത്തി.	1-14
23	സായാഹ്ന ഒ പി - ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ് ഹോണറേറിയം നൽകൽ-മറുപടി, രേഖകൾ ലഭ്യമാക്കേണ്ടതാണ്.	1-15
24	സി എച്ച് സി ഇരിവേരിയിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ-അപാകങ്ങൾ	1-16

25	സെക്കണ്ടറി പാലിയേറ്റിവ് രോഗികൾക്ക് മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിന് ധനസഹായം നൽകൽ-രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹10464യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-17
26	സി എച്ച് സി ഇരിവേരിയിൽ പുതിയ കെട്ടിടത്തിൽ സി.സി.ടി വി സ്ഥാപിക്കൽ പ്രവൃത്തി. പൂർത്തീകരണ വിനിയോഗ വിവരം ലഭ്യമായില്ല. ₹1300000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-18
27	തെരുവ് നായ നിയന്ത്രണം ബ്ലോക്ക് വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമായില്ല. ₹200000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-19
28	ദി ക്ലീൻ കേരള കോൺക്ലേവ്-വിനിയോഗ വിവരം ലഭ്യമല്ല. ₹200000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-20
29	തുക അനുവദിച്ചതിൽ സുതാര്യത പാലിച്ചിട്ടില്ല	1-21
30	കേരളോത്സവം അധികം ചെലവഴിച്ച ₹87097 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു	1-22
31	ആർ.ആർ.എഫ്. കെട്ടിട നിർമ്മാണം-കാലാവധിക്കകം പ്രവൃത്തി പൂർത്തീകരിച്ചില്ല. പിഴ ഈടാക്കിയിട്ടില്ല.	1-23
32	കാനച്ചേരി കല്ലിൽ പാറക്കോട്ട്,മാവിലായി കുടിവെള്ള പദ്ധതികൾ - പ്രവൃത്തി പൂർത്തീകരിച്ച് ഗ്രാമ പഞ്ചായത്തിന് കൈമാറിയിട്ടില്ല - പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടില്ല	1-24
33	റോഡ് നിർമ്മാണം - വൈകിയതിന് നിയമപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല	1-25
34	എടക്കാട് ബ്ലോക്ക് പഞ്ചായത്ത്-ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും	1-26
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	മെഡിസെപ് പ്രീമിയം ഒടുക്ക് വിവരങ്ങൾ	4-1
2	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ	4-5
6	വായ്പ,വായ്പ തിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം	4-9
10	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം	4-12
അനുബന്ധം		

1	ഓഡിറ്റ് സാക്ഷ്യപത്രം
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം
3	വാർഷിക ധനകാര്യ പത്രികകൾ

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരളാ പഞ്ചായത്ത്രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരവും കേരള പഞ്ചായത്ത്രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ – 2011, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 30.04.2025 തീയതിയിലെ 5/1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതും അനുബന്ധ ഫോറങ്ങൾ സഹിതം 17.05.2025 തീയതിയിൽ സമർപ്പിച്ചിട്ടുള്ളതുമായ എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 31.03.2025 തീയതിയിൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) സി & എ.ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും സി & എ ജി നല്കിയിട്ടുള്ള പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നല്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നല്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി,എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെകുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

കണ്ണൂർ,
24.09.2025

1-1-1 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Decrease/Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹3718611 യാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹5471141 യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

1-1-2 അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

I. 2011 ലെ കേരള പഞ്ചായത്ത്രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(എഫ്) പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

II. 2011 ലെ കേരള പഞ്ചായത്ത്രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

III. തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ B-1 ഷെഡ്യൂൾ വാർഷിക കണക്കിന്റെ ഭാഗമാക്കിയിട്ടില്ല.

1-1-3 ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം ബാലൻസ് ഷീറ്റിൽ (ബി-11-ൽ) ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം വാർഷിക ധനകാര്യ പത്രികയിൽ (ബാലൻസ് ഷീറ്റ് ബി-11 ഷെഡ്യൂളിൽ) ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ല.

1-1-4 B-11 ഷെഡ്യൂളിൽ പരാമർശിച്ച ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിലുള്ള ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

കേരള പഞ്ചായത്ത്രാജ് അക്കൗണ്ട് ചട്ടങ്ങൾ-2011, ചട്ടം 80 ൽ പരാമർശിച്ചതനുസരിച്ചുള്ളതും B-11 ഷെഡ്യൂളിൽ പരാമർശിച്ചതുമായ ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിലുള്ള ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-1-5 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ബാലൻസ് ഷീറ്റ് B-4 Schedule പ്രകാരം ബാധ്യതയായി രേഖപ്പെടുത്തിയ മുഴുവൻ ഗ്രാന്റിനങ്ങളുടെയും വിശദാംശങ്ങൾ രേഖപ്പെടുത്തിയ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ/ മറ്റ് രേഖകൾ സൂക്ഷിച്ചിട്ടില്ല.

1-1-6 വികസന ഫണ്ട് ജനറൽ സുലേഖ ചെലവ് പത്രികയിലെയും വാർഷിക ധനകാര്യ പത്രികയിലെയും ചെലവ് തുകകൾ പെരുത്തപ്പെടുന്നില്ല

വികസന ഫണ്ട് ജനറൽ സുലേഖ ചെലവ് പത്രികയിലെയും വാർഷിക ധനകാര്യ പത്രികയിലെയും ചെലവ് തുകകൾ താഴെ പറയും പ്രകാരം വ്യത്യാസം ഉണ്ട്

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് (₹)	സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് (₹)
21710751	20710751

പ്രോജക്ട് നം.74 പ്രകാരം അംഗൻവാടി കെട്ടിട നിർമ്മാണം ബ്ലോക്ക് വിഹിതം എന്ന പ്രോജക്ട് പ്രകാരം ₹1000000 ചെലവ് വന്നിട്ടുണ്ട്. പ്രോജക്ട് ഭേദഗതിക്കായി സമർപ്പിക്കുകയും വെറ്റിംഗിനായി അയയ്ക്കുകയും വെറ്റ് ചെയ്തു കിട്ടാത്തതിനാൽ ചെലവ് തുക സുലേഖയിൽ ഉൾപ്പെടാത്തതിനാലാണ് വ്യത്യാസം വന്നത് എന്ന് അറിയിച്ചിട്ടുണ്ട്.

1-1-7 വിവിധ പ്രോജക്ടുകളുടെ മുഴുവൻ ചെലവ് വിവരങ്ങൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

വിവിധ പ്രോജക്ടുകളുടെ മുഴുവൻ ചെലവ് വിവരങ്ങൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമ നം.	പ്രോജക്ടിന്റെ പേര്	ഫണ്ടിനം	തുക (₹)
1	56/25, മുല്ല കൃഷി പ്രോത്സാഹനം	ഗുണഭോക്തൃ വിഹിതം	8750
2	58/25, ഇലവാഴ കൃഷി	ഗുണഭോക്തൃ വിഹിതം	2250
3	83/25, പട്ടികജാതി യുവജനങ്ങൾക്ക് വാദ്യോപകരണങ്ങൾ വാങ്ങൽ	ഗുണഭോക്തൃ വിഹിതം	12750
4	33/25, പട്ടികജാതി ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ വാങ്ങൽ	ഗുണഭോക്തൃ വിഹിതം	16887
5	27/25, ഐ.എസ്.ഒ സർട്ടിഫിക്കേഷൻ	തനത് ഫണ്ട്	49000

1-1-8 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നൽകി വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത പ്രവൃത്തികളുടെ വിവരം ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ സി എച്ച് സി ഇരിവേരിയിൽ പുതിയ കെട്ടിടത്തിൽ സി.സി.ടി വി സ്ഥാപിക്കൽ (131/25) ഡെപ്പോസിറ്റ് പ്രവൃത്തിയായി ₹1300000 ഡെപ്പോസിറ്റ് വർക്ക് ഇനത്തിൽ പൊതുമരാമത്ത് വൈദ്യുത വിഭാഗത്തിന് നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം നാളിതുവരെ ലഭ്യമായിട്ടില്ല. ആയത് ബാലൻസ് ഷീറ്റിലെ ബി-18 അഡ്വാൻസ് ശീർഷകത്തിൽ ചേർത്തിട്ടില്ല.

1-2 ബജറ്റ്

എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 08.02.2024 തീയതിയിലെ 1/(11) നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 20.03.2025 തീയതിയിലെ 1/1 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

	ബജറ്റ് പ്രകാരം (₹)	പുതുക്കിയ ബജറ്റ് പ്രകാരം (₹)
മുന്നിരിപ്പ്	1,84,46,324	1,79,45,817
പ്രതീക്ഷിത വരവ്	21,73,49,000	6,41,95,600
ആകെ	23,57,95,324	8,21,41,417
പ്രതീക്ഷിത ചെലവ്	21,47,09,300	6,64,74,600
നീക്കിയിരിപ്പ്	2,10,86,024	1,56,66,817

ബജറ്റും പുതുക്കിയ ബജറ്റും തമ്മിൽ വലിയ അന്തരമുണ്ട്. ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	₹1,19,46,213.00
വരവ്	₹9,12,65,413.00
ആകെ	₹10,32,11,626.00
ചെലവ്	₹8,75,46,802.00
നീക്കിയിരിപ്പ്	₹ 15664824.00
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	₹28,97,561

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ് (ലാപ്സായ തുക)
വികസന ഫണ്ട്-ജനറൽ	0	21901000	21901000	21710751	190249
വികസന ഫണ്ട്-എസ്.സി.പി	0	3289000	3289000	3271539	17461
മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം	0	18272000	18272000	15320865	2951135
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺ ടൈഡ്, ബേസിക്	34,15,412	4071327 (3690368+380959-Int)	7486739	4720299	2766440
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ്	69,50,065	8197539 [8149000+48539 (Int)]	15147604	6710248	8437356
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-പെർഫോമൻസ് ഗ്രാന്റ്	0	2269407	2269407	572226	1697181
ഹെൽത്ത് ഗ്രാന്റ്	1,67,711	2906211	3073922	78003	2995919
ടി.എസ്.സി	622061	29340	651401	118	651283
ഐ.സി.ഡി.എസ്.	896778	0	896778	0	896778
കേരളോത്സവം	126140	2740	128880	100000	28880
പ്രത്യേകോദ്ദേശ്യ പദ്ധതി	151289	29113	180402	24043	156359
നിർമ്മൽ പുരസ്ക്കാരം	406710	--	406710	--	406710

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത്	പദ്ധതി അടങ്കൽ	നടപ്പാക്കിയത്	പദ്ധതി ചെലവ്	ഭാഗികമായി	പൂർത്തീകരിച്ചത്	നടപ്പാക്കാത്തവ	പൂർത്തീകരിച്ച

(എണ്ണം)	(₹)	(എണ്ണം)	(₹)	നടപ്പാക്കിയത് (എണ്ണം)		(എണ്ണം)	പ്രോജക്ടുകളുടെ ശതമാനം
118	117402249	90	58519107	3	87	28	73.7

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം

ക്രമ നം.	നിർവ്വഹണ ഉദ്യോഗസ്ഥൻ	പദ്ധതികളുടെ എണ്ണം	നടപ്പിലാക്കിയത്	അടങ്കൽ തുക (₹)	ചെലവഴിച്ച തുക (₹)	ചെലവഴിച്ച തുകയുടെ ശതമാനം
1	സെക്രട്ടറി	38	22	57600014	16313974	28
2	കൃഷി അസിസ്റ്റന്റ് ഡയറക്ടർ	7	7	1686056	1355667	80
3	മെഡിക്കൽ ഓഫീസർ സി.എച്ച്.സി	15	12	15827600	12207805	77
4	അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ	4	3	2167078	1303814	60
5	അസിസ്റ്റന്റ് എഞ്ചിനീയർ	29	23	25869021	16441325	63
6	ശിശു വികസന പ്രോജക്ട് ഓഫീസർ	12	10	5051935	4468917	88
7	പട്ടിക ജാതി വികസന ഓഫീസർ	7	7	2151628	2119159	98
8	വ്യവസായ വികസന ഓഫീസർ	2	2	2281000	1214000	53
9	ക്ഷീര വികസന ഓഫീസർ	4	4	4767917	3094446	65
	ആകെ	118	90	117402249	58519107	49.8

ക്രമ നമ്പർ 1 പ്രകാരം ചെലവു ശതമാനം കുറവാണ്. ഏറ്റെടുത്ത പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതിലേക്കായി വിഷയം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.06.2025 ന് വൈകുന്നേരം 3.30 മണിക്ക് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനാ സമയത്ത് ക്യാഷ് ബാലൻസ് ഒന്നും ഉണ്ടായിരുന്നില്ല.

1-7 ആഭ്യന്തര നിയന്ത്രണ സംവിധാനം

മനുഷ്യവിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പു വരുത്തി ലക്ഷ്യം നേടാൻ കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ പ്രവർത്തനസജ്ജമാക്കേണ്ടത് അനിവാര്യമാണ്. അധികാര–ഉത്തരവാദിത്ത ബന്ധങ്ങളെ

കൃത്യമായി നിർവ്വചിച്ചു കൊണ്ടുള്ള ഉദ്യോഗസ്ഥസംഘടനാ സംവിധാനം, ശക്തവും കാര്യക്ഷമവുമായ ചുമതലാ നിർവ്വഹണം, നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്സിങ്ങ് സംവിധാനത്തോടെയും സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പു വരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം.

എടക്കാട് ബ്ലോക്ക് പഞ്ചായത്തിൽ 2024-25 വർഷത്തിൽ വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട ബാങ്ക് പാസ്സ് ബുക്കുകൾ, ബാങ്ക് ബുക്കുകൾ എന്നിവ പൊരുത്തപ്പെടുത്തി സൂക്ഷിച്ചു വരുന്നുണ്ട്. ഡെപ്പോസിറ്റ്, അഡ്വാൻസ് രജിസ്റ്ററുകൾ, എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചു വരുന്നുണ്ട്. പഞ്ചായത്ത് കൈവശമുള്ള ഭൂമിയിലെ വൃക്ഷങ്ങളുടെ എണ്ണം രേഖപ്പെടുത്തുന്ന വൃക്ഷരജിസ്റ്റർ, വാഹനങ്ങളുടെ റിപ്പയർ സംബന്ധിച്ച റിപ്പയർ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല. മേൽ രജിസ്റ്ററുകൾ കൃത്യമായി രേഖപ്പെടുത്തൽ നടത്തി സൂക്ഷിക്കേണ്ടതാണ്. സെക്രട്ടറി കസ്റ്റോഡിയനായുള്ള വാഹനത്തിന്റെ ലോഗ്ബുക്ക് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ജീവനക്കാരുടെ ജോലി വിഭജനം സംബന്ധിച്ച് ഓഫീസ് ഉത്തരവ് അതത് സമയം നൽകി വരുന്നുണ്ട്. ജീവനക്കാരുടെ പ്രതിമാസ സ്റ്റാഫ് മീറ്റിംഗ് ചേരുകയും ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും ഓഫീസിൽ ഹരിത പ്രോട്ടോക്കോൾ പാലിക്കുന്നതിനും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. സേവനങ്ങൾക്കുള്ള ഏകജാലക സംവിധാനമായ ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിച്ചു വരുന്നുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ കൈവശമുള്ള ഭൂമി അളന്നു തിട്ടപ്പെടുത്തി, ഭൂനികുതി ഒടുക്കിയിട്ടില്ല എന്നത് പോരായ്മയാണ്. എന്നിരുന്നാലും എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

1-8 കമ്മിറ്റികളുടെ പ്രവർത്തനം

ബ്ലോക്ക് പഞ്ചായത്തിൽ, ഭരണസമിതി, സ്റ്റിയറിംഗ് കമ്മിറ്റി, കൂടാതെ വിവിധ തലത്തിലുള്ള 4 സ്റ്റാൻഡിംഗ് കമ്മിറ്റികൾ (ധനകാര്യം, വികസനം, ക്ഷേമം, ആരോഗ്യം) എന്നിവ രൂപീകരിച്ചിട്ടുണ്ട്. സ്റ്റാൻഡിംഗ് കമ്മിറ്റികൾ കൃത്യമായി യോഗം ചേരുകയും ഭരണപരമായ തീരുമാനങ്ങൾ ഭരണസമിതിയ്ക്ക് ശിപാർശ ചെയ്യുന്നുമുണ്ട്. എന്നാൽ ഭരണസമിതി, സ്റ്റാൻഡിംഗ് കമ്മിറ്റികൾ യോഗങ്ങൾ ചേർന്ന ശേഷം തീരുമാനങ്ങൾ പ്രസിഡന്റിന്റെ അംഗീകാരത്തിനയക്കാൻ കാലതാമസം നേരിടുന്നുണ്ട്. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

കമ്മിറ്റിയുടെ പേര്	യോഗ തീയതി	മിനുട്സ് അംഗീകാരത്തിനായി അയച്ച തീയതി	അംഗീകരിച്ച തീയതി
ഭരണസമിതി	29.06.2024	19.07.2024	19.07.2024
ഭരണസമിതി	23.07.2024	29.08.2024	29.08.2024
ധനകാര്യം	12.02.2025	04.03.2025	04.03.2025
ആരോഗ്യം	13.01.2025	14.02.2025	14.02.2025

1995-ലെ കേരള പഞ്ചായത്ത്രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നു ദിവസത്തിനകം സെക്രട്ടറി മിനുട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. ആയതു പ്രകാരം മിനുട്സ് പൂർത്തീകരിക്കുന്നതിൽ സമയപരിധി പാലിക്കുന്നില്ല എന്ന് വ്യക്തമാകുന്നുണ്ട്. ഇക്കാര്യത്തിലുള്ള കാലതാമസം ഒഴിവാക്കേണ്ടതാണ്.

വിവിധ തലത്തിലുള്ള 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്.

2024-25 വർഷക്കാലയളവിൽ വർക്കിംഗ് ഗ്രൂപ്പുകൾ ഒരു തവണ മാത്രമാണ് യോഗം ചേർന്നതായി

മിനുട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പദ്ധതി രൂപീകരണവും, പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഓരോ നിർവ്വഹണ ഉദ്യോഗസ്ഥരും നടപ്പിലാക്കുന്ന പ്രൊജക്ടുകളുടെ പുരോഗതിയും സ്ഥിതിവിവരങ്ങളും അവലോകനം ചെയ്യുന്നതിനും മോണിറ്ററിംഗിനുമായി നിർവ്വഹണ ഉദ്യോഗസ്ഥരുടെയും അതത് വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെയും മോണിറ്ററിംഗ് കമ്മിറ്റി യോഗം വിളിച്ചു ചേർത്തിട്ടില്ല. പ്രൊജക്ട് നിർവഹണത്തിന്റെ പ്രാരംഭഘട്ടവും പുരോഗതിയും പൂർത്തീകരണവും സംബന്ധിച്ച മോണിറ്ററിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകളുടെ ഉത്തരവാദിത്തമാണ്. വർക്കിംഗ് ഗ്രൂപ്പുകളുടെ കൺവീനറായ നിർവഹണ ഉദ്യോഗസ്ഥർ നിർവഹണഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ ചുമതല ഒഴിയേണ്ടതും, വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കേണ്ടതുമാണ്. പദ്ധതി രൂപീകരണം, ആയതിന്റെ മോണിറ്ററിംഗ് എന്നിവ സംബന്ധിച്ച് കുറഞ്ഞത് 2 വർക്കിംഗ് കമ്മിറ്റി യോഗങ്ങൾ എങ്കിലും പ്രതിവർഷം ചേരേണ്ടതാണ്. പദ്ധതി നിർവ്വഹണം സംബന്ധിച്ച് കൃത്യമായ വിലയിരുത്തലുകൾ നടത്തി മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ തയ്യാറാക്കി ഫയലിൽ ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്വയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഒരോ നിർവ്വഹണ ഉദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണ് നിലവിലുള്ളത്. വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്വയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കിയും പ്രൊക്വയർമെന്റ് കമ്മിറ്റി അംഗീകാരത്തോടെയും മാത്രം പർച്ചേസുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-9 കെട്ടിട വാടക വരവ്-അപാകങ്ങൾ

എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കൊയ്യോട് മിനിവ്യവസായ എസ്റ്റേറ്റ്, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവയിൽ നിന്നുള്ള വാടക പിരിവ് സംബന്ധിച്ച് സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററുകൾ പരിശോധിച്ചതിൽ തൻവർഷം (2024-25) ₹169452 (GST ഒഴികെ) വാടകയിനത്തിൽ ലഭിക്കാനുണ്ട്. വാടക കുടിശ്ശികയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	വാടകക്കാരന്റെ പേര്, റൂം നമ്പർ	പ്രതിമാസ വാടക+GST	വാടക കുടിശ്ശിക	GST കുടിശ്ശിക
1	എം.പി അയ്യപ്പൻ കുട്ടി, പത്മാലയം, തയ്യിൽ, കണ്ണൂർ (കൊയ്യോട് മിനിവ്യവസായ എസ്റ്റേറ്റ് – CP .XVIII 327)	4809+866	57708	10392 (866*12)
2	പി കെ രഗിനേഷ്, കോട്ടയ്ക്കകം, പുഴാതി, കണ്ണൂർ (കൊയ്യോട് മിനി, വ്യവസായ എസ്റ്റേറ്റ്-326J)	3723+670	44676	8040 (670*12)
3	വി സബ്നാസ് തൗഫീഖ്, താണ, കണ്ണൂർ (കൊയ്യോട് മിനി വ്യവസായ എസ്റ്റേറ്റ്-CP.XVII 356,357)	7452+1342	67068	12078 (1342*9)
	ആകെ		169452	30510

എം.പി അയ്യപ്പൻ കുട്ടി, പത്മാലയം, തയ്യിൽ, കണ്ണൂർ (റൂം നം. CP .XVIII 327), പി കെ രഗിനേഷ്, കോട്ടയ്ക്കകം, പുഴാതി, കണ്ണൂർ (റൂം നം.326J) എന്നിവർ 2023-24, 2024-25 വർഷങ്ങളിൽ വാടക അടവാക്കിയിട്ടില്ല. വി സബ്നാസ് തൗഫീഖ്, താണ, കണ്ണൂർ (CP.XVII 356,357) എന്നവർ 8/24 (22.05.2024 ന് 7/24 വരെ വാടക അടവാക്കിയിട്ടുണ്ട്) മുതൽ വാടക അടവാക്കാനുണ്ട്. വാടക ഒടുക്കാതെ കുടിശ്ശിക വരുത്തിയ പ്രസ്തുത വാടകക്കാരിൽ നിന്നും വാടക മുറികൾ തിരിച്ചെടുത്ത് പുനർലേലം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/24.06.2025) എം.പി അയ്യപ്പൻ കുട്ടി, പത്മാലയം, തയ്യിൽ, കണ്ണൂർ (റൂം നം. CP.XVIII 327), പി കെ രഗിനേഷ്, കോട്ടയ്ക്കകം, പുഴാതി, കണ്ണൂർ (റൂം നം.326J) എന്നിവരുടെ വാടക കുടിശ്ശിക റവന്യൂ റിക്കവറി നടപടിക്രമങ്ങളിലൂടെ ഈടാക്കുന്നതിന് വേണ്ട നടപടിക്രമങ്ങൾ ചെയ്തിട്ടുണ്ടെന്നും വി സബ്നാസ് തൗഫീഖ്, താണ, കണ്ണൂർ (CP.XVII 356, 357) എന്നവരുടെ വാടക കുടിശ്ശിക ഈടാക്കാനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ച് വരുന്നുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. കുടിശ്ശിക തുക പിഴപ്പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-10 ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ-രേഖകൾ ഹാജരാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ	
പ്രോജക്ട് നമ്പർ/ പേര്	21/25 ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ	78/25 ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ (സ്പിൽ ഓവർ)
അടങ്കൽ	₹530000 – വികസന ഫണ്ട്	₹525000 – വികസന ഫണ്ട്
ചെലവ്	ബിൽ നം. & തീയതിഃ 330/18.03.2025, ₹5,25,000	ബിൽ നം. & തീയതിഃ 49/31.07.2024, ₹5,25,000

എടക്കാട് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള മണ്ടേരി, ചെമ്പിലോട്, കൊളച്ചേരി, പെരളശ്ശേരി ഗ്രാമപഞ്ചായത്തുകളിലെ ഭിന്നശേഷിയുള്ളവർക്ക് (രണ്ട് പ്രൊജക്ടും കൂടി 10 എണ്ണം) സൈഡ് വീലോട് കൂടിയ സ്കൂട്ടർ നൽകുന്നതിനായി ACE MOTORS PVT LTD എന്ന സ്ഥാപനത്തിൽ നിന്ന് ആകെ 10 സൈഡ് വീൽ സ്കൂട്ടർ വാങ്ങിയിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട് ചുവടെ കൊടുത്തിരിക്കുന്ന അപാകങ്ങൾ അറിയിക്കുന്നു.

1. വാഹനം ലഭ്യമായവരുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

2. പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.1.2(6) പ്രകാരം സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകൽ പദ്ധതിയിൽ ഇലക്ട്രിക്ക് സ്കൂട്ടർ വാങ്ങുന്നതിന് മുൻഗണന നൽകണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല

3. ഗുണഭോക്താക്കളുമായുള്ള എഗ്രിമെന്റിൽ 6-ാം നമ്പർ നിബന്ധനയായി മോട്ടോർ വാഹന വകുപ്പിന്റെ ഡ്രൈവിംഗ് ലൈസൻസ് ലഭ്യമാകുന്ന മുറയ്ക്ക് ഒറിജിനൽ ലൈസൻസ് ഹാജരാകേണ്ടതാണെന്ന് പ്രതിപാദിക്കുന്നുണ്ട്. ലേണേർസ് ലൈസൻസ് സമർപ്പിച്ചിട്ടുള്ള 5 ഗുണഭോക്താക്കൾ (ദിനചന്ദ്ര ബാബു, ജയാനന്ദൻ, കോട്ടക്കണ്ടി പ്രദീപൻ, പുഷ്പജൻ കെ, സബ്രീന) പിന്നീട് ഡ്രൈവിംഗ് ലൈസൻസ് ഹാജരാക്കിയിട്ടുണ്ടോ തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/27.06.2025) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് ഗുണഭോക്താക്കളോട് നിർദ്ദേശിച്ചിട്ടുണ്ടെന്നും ഗുണഭോക്താക്കളുടെ താല്പര്യം പരിഗണിച്ച് ബ്ലോക്ക് ഭരണസമിതിയുടെ അനുമതിയോടെയാണ് സ്കൂട്ടർ വാങ്ങിയതെന്നും സ്കൂട്ടർ കൈപ്പറ്റി ആറ് മാസത്തിനകം ഡ്രൈവിംഗ് ലൈസൻസ്

ഹാജരാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ടെന്നും ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. സമയപരിധിക്കുള്ളിൽ ഡ്രൈവിംഗ് ലൈസൻസ് ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

1-11 ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം - സബ്സിഡി നൽകിയതിലെ അപാകം

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ
പ്രോജക്ടിന്റെ പേര്/ നമ്പർ	50/24, കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണ പദ്ധതി
ആകെ അടങ്കൽ (₹) ₹3346942	₹1673471 (വികസന ഫണ്ട്-പൊതു വിഭാഗം) ₹1673471 – ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നത്
ചെലവ് (₹)	₹498392 - 182/30.12.2024 ₹340353 - 313/12.03.2025 ₹406483 - 279/07.03.2025 ₹428243 – 212/18.01.2025 ആകെ: ₹1673471

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകളിലെ ക്ഷീരവ്യവസായ സംഘങ്ങളിലെ ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ വിതരണം ചെയ്തതിനുള്ള സബ്സിഡി തുക നല്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണിത്. സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ. തീയതി 28.05.2022 (സബ്സിഡി മാർഗ്ഗരേഖ) ഖ.6.3.16 പ്രകാരം കറവയുള്ള ഒരു പശുവിന് ഒരു മാസം പരമാവധി 100 കിലോ കാലിത്തീറ്റ വരെ നൽകാവുന്നതാണ്. ജനറൽ വിഭാഗത്തിന് 50% (പരമാവധി ₹10000) പട്ടികജാതി വിഭാഗത്തിന് 75% (പരമാവധി ₹15000), പട്ടികവർഗ്ഗ വിഭാഗത്തിന് 100% (പരമാവധി ₹20000) നിരക്കിൽ സബ്സിഡി നൽകാവുന്നതാണ്. പ്രസ്തുത പ്രോജക്ടിന്റെ നടത്തിപ്പിൽ ചുവടെ കൊടുത്ത അപാകങ്ങൾ കാണുന്നു.

1. പ്രോജക്ടിന്റെ നടത്തിപ്പിനായി കേരള ഫീഡ്സ്, Aethakkattu Traders, കെ പി ട്രേഡ്ഴ്സ് എന്നീ സ്ഥാപനങ്ങളിൽ നിന്നുമാണ് കാലിത്തീറ്റ വാങ്ങിയിട്ടുള്ളത്. ക്ഷീരസംഘങ്ങൾ ഹാജരാക്കിയിട്ടുള്ള കാലിത്തീറ്റ വിതരണം നടത്തിയ സ്റ്റേറ്റ്മെന്റിലെ യൂണിറ്റ് പ്രൈസിലും മേൽ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കിയ ബില്ലിലെ യൂണിറ്റ് പ്രൈസിലും വ്യത്യാസമുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ക്ഷീര സഹകരണ സംഘം	കാലിത്തീറ്റ നൽകിയ സ്ഥാപനം	കാലിത്തീറ്റ വിതരണ സ്റ്റേറ്റ്മെന്റിലെ യൂണിറ്റ് പ്രൈസ് (₹)	സ്ഥാപനം ലഭ്യമാക്കിയ ബില്ലിലെ യൂണിറ്റ് പ്രൈസ് (₹)	വ്യത്യാസം (₹)
1	വെള്ളച്ചാൽ	കേരള ഫീഡ്സ് ലിമിറ്റഡ് (മിടുക്കി)	1383	1288	95
2	പെരളശ്ശേരി	സി പി ട്രേഡ്ഴ്സ് (കേരള ഫീഡ്സ് എലൈറ്റ്)	1505	1422	83
3	കായച്ചിറ	Aethakkattu Traders (കേരള ഫീഡ്സ് മിടുക്കി	1400	1315	85

4	കാഞ്ഞിരോട്	കേരള ഫീഡ്സ് എലൈറ്റ്	1515	1394	121
5	മുണ്ടേരി	കേരള ഫീഡ്സ് ലിമിറ്റഡ് (ലൈറ്റ്)	1515	1394	121
6	കടമ്പൂർ	സി പി ട്രേഡ്ഴ്സ് (കേരള ഫീഡ്സ് എലൈറ്റ്)	1400	1318	82
7	അഡൂർ	കേരള ഫീഡ്സ് (മിടുക്കി)	1400	1288	112
8	കൊളച്ചേരി	കേരള ഫീഡ്സ് (മിടുക്കി)	1400	1288	112

കാലിത്തീറ്റ വിതരണം ചെയ്തപ്പോൾ ഗുണഭോക്താക്കളിൽ നിന്നും അധികം തുക ഈടാക്കിയതിന്റെ കാരണം അറിയിക്കേണ്ടത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/27.06.2025) ക്ഷീരസംഘങ്ങൾ സർക്കാർ അംഗീകൃത കമ്പിനികളിൽ നിന്ന് കാലിത്തീറ്റ വാങ്ങുമ്പോൾ കാലിത്തീറ്റ കൈകാര്യം ചെയ്യുന്ന ജീവനക്കാരുടെ ഹാൻഡ്ലിംഗ് ചാർജ്ജ്, ഗോഡൗൺ വാടക, കയറ്റിറക്ക് കൂലി മുതലായവ നൽകുന്നതിന് ഓരോ ചാക്കിനും കമ്പനികൾ MRP വിലയിൽ നിന്നും കുറവ് ചെയ്ത് ഫാക്ടറി വില ഫിക്സ് ചെയ്ത് നൽകുന്നതാണെന്നും നടപ്പ് സാമ്പത്തികവർഷം മുതൽ കമ്മീഷൻ തുക ക്ഷീരകർഷകരിൽ നിന്നും നേരിട്ട് ഈടാക്കുവാൻ സംഘങ്ങൾക്ക് നിർദ്ദേശം നൽകുന്നതാണെന്നുമാണ് മറുപടി നൽകിയിരിക്കുന്നത്. ക്ഷീരസഹകരണ സംഘങ്ങൾ കമ്മീഷൻ ചാർജ്ജായും ഇൻസ്പെക്ഷൻ ചാർജ്ജായും ഈടാക്കിയ തുകകൾക്ക് ഉൾപ്പെടെ സബ്സിഡി അനുവദനീയമാണോ എന്ന കാര്യത്തിൽ വ്യക്തത വരുത്തേണ്ടതാണ്.

1-12 വാങ്ങലുകൾക്ക് ക്വട്ടേഷൻ നടപടികൾ പാലിച്ചതിന് വ്യക്തതയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, സി എച്ച് സി
പ്രോജക്ടിന്റെ നമ്പർ, പേര്	41/25, സി എച്ച് സി ഓഫീസ് ചെലവുകൾ
അടങ്കൽ	₹1000000 (മെയിന്റനൻസ് ഫണ്ട് - റോഡിതരം)
ചെലവ്	₹764325

സ.ഉ.(പി)നം.259/2010/ത.സ്വ.ഭ.വ/08.11.2010 പ്രൊക്വയർമെന്റ് മാർഗ്ഗരേഖ പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾ ₹5000 യ്ക്ക് മുകളിലും ₹50000 യ്ക്ക് താഴെയുമുള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. .

താഴെ പറയുന്ന സ്ഥാപനത്തിൽ നിന്നും വിവിധ ഘട്ടങ്ങളിലായി ഓഫീസ് ആവശ്യത്തിനുള്ള മെഡിക്കൽ കവറുകൾ (ബ്രൗൺ വിത്ത് പ്രിന്റ്/വിത്തൗട്ട് പ്രിന്റ്, ബ്ലൂ കവർ) വാങ്ങിയത് ക്വട്ടേഷൻ നടപടികളിലൂടെയാണോയെന്നതിന് വ്യക്തതയില്ല.

സ്ഥാപനത്തിന്റെ പേര്	ഇൻവോയ്സ് നമ്പർ	സാധനം	നൽകിയ തുക	തുക ഉൾപ്പെട്ട സാംഖ്യ ബിൽ
P&R Chethas Associates	B79/10.07.2024	Brown With Print(7x12	₹28099	136/29.11.2024-₹102780

		(100 Nos) 9x13 (100 Nos)		
	B237/07.01.2025	Brown With Print (7x12), Brown Without Print (7x12), Blue Cover	₹14161	343/22.03.2025-₹27883
	B261/06.02.2025	Brown With Print 7x12	₹12000	

പ്രസ്തുത സ്ഥാപനത്തിൽ നിന്നും വാങ്ങലുകൾ നടത്തിയത് വാങ്ങൽ നടപടികൾ സ്വീകരിച്ചിട്ടാണോയെന്ന് വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 09/25.06.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വാങ്ങലുകൾ ക്വട്ടേഷൻ നടപടികളിലൂടെ നടത്തിയതാണെങ്കിൽ അനുബന്ധരേഖകൾ സമർപ്പിക്കേണ്ടതാണ്. വാങ്ങേണ്ട സാധനങ്ങളുടെ സങ്കീർണ്ണത, വില, വിപണി ലഭ്യത എന്നിവ ആധാരമാക്കി സർക്കാർ ഉത്തരവിന് അനുസൃതമായി ഉചിതമായ വാങ്ങൽ രീതി അവലംബിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-13 സി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ ലഭ്യമായതിന്റെ അനുബന്ധ രേഖകൾ ഹാജരാക്കാത്തതിനാൽ ₹1100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഇരിവേരി സി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങുന്നതുമായി ബന്ധപ്പെട്ടതാണ് ചുവടെ കൊടുക്കുന്ന പ്രോജക്ട്.

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, സി എച്ച് സി
പ്രോജക്ടിന്റെ നമ്പർ, പേര്	40/25,സി എച്ച് സി യിലേക്ക് മരുന്ന് വാങ്ങൽ
അടങ്കൽ	₹4500000 (മെയിന്റനൻസ് ഫണ്ട് – റോഡിതരം)
ചെലവ്	₹4500000

പ്രോജക്ടിന്റെ ഭാഗമായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ₹1100000 (സാംഖ്യ ബിൽ 242/10.02.2025) നൽകിയിട്ടുണ്ട്. പ്രൊഫോർമ ഇൻവോയ്സ് നമ്പർ PRF2531/18.12.2024 പ്രകാരം ആവശ്യപ്പെട്ട ₹1100000യുടെ 19 തരം മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ അനുബന്ധ ഡെലിവറി ബില്ലുകളും ആയത് സ്റ്റോക്കിലെടുത്തതിന്റെ രേഖകളും ഹാജരാക്കുന്നതിനും കെ.എം.എസ്.സി.എൽ. ൽ നിന്ന് മരുന്നുകൾ ലഭ്യമാക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത് ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കുന്നതിനാൽ ആയത് ഓർഡർ നൽകി നിശ്ചിത കാലയളവിനുള്ളിൽ എത്തിക്കുന്നതിന് സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുന്നതിനും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 04/24.06.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമായതിന്റെ അനുബന്ധ രേഖകൾ ഹാജരാക്കാത്തതിനാൽ ₹1100000 യുടെ

ചെലവ് തടസ്സപ്പെടുത്തുന്നു.

1-14 ടെണ്ടർ നടപടികളിൽ പങ്കെടുക്കാത്ത സ്ഥാപനത്തിൽ നിന്നും വാങ്ങലുകൾ നടത്തി.

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, സി എച്ച് സി
പ്രോജക്ടിന്റെ നമ്പർ, പേര്	67/25, സി എച്ച് സി ലാബ് റീഎജന്റ് വാങ്ങൽ
അടങ്കൽ	₹1000000 (മെയിന്റനൻസ്ഫണ്ട് - റോഡിതരം)
ചെലവ്	₹999968

സി.എച്ച്.സി. യിലേക്ക് ലാബ് റീഎജന്റ് വാങ്ങുന്നതുമായി ബന്ധപ്പെട്ട മേൽ പ്രോജക്ടിന്റെ ഭാഗമായി ടെണ്ടർ ക്ഷണിക്കുകയും വ്യത്യസ്തയിനം ലാബ് റീഎജന്റുകൾ അവയുടെ കുറഞ്ഞ വിലയ്ക്കനുസരിച്ച് ടെണ്ടർ നടപടികളിൽ പങ്കെടുത്ത 6 വ്യത്യസ്ത സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ ഡീപ് മെഡിടെക് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും റീ ഏജന്റുകൾ വാങ്ങിയിട്ടുണ്ടെങ്കിലും പ്രസ്തുത സ്ഥാപനം ടെണ്ടറിൽ പങ്കെടുത്തതായി കാണിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല. കൂടാതെ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ കമ്പാരറ്റിവ് സ്റ്റേറ്റ്മെന്റിലും ഡീപ് മെഡിടെക് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത സ്ഥാപനത്തിൽ നിന്നും റീ ഏജന്റുകൾ വാങ്ങിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

സ്ഥാപനത്തിന്റെ പേര്	ഇൻവോയ്സ് നമ്പർ	നൽകിയ തുക	തുക ഉൾപ്പെട്ട സാംഖ്യ ബിൽ
Deep Meditech Pvt.Ltd.	DM/3841/23-24/22.03.2024	₹34160	65/29.08.2024
	DM/1386/24-25/29.10.2024	₹43456	127/14.11.2024
	DM/2311/24-25/11.02.2025	₹15680	308/11.03.2025

ടെണ്ടർ നടപടികളിൽ പങ്കെടുക്കാത്ത പ്രസ്തുത സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തിയതിന് കാരണം അറിയിക്കുന്നതിനും ടി സ്ഥാപനം അംഗീകൃത സ്ഥാപനവുമായി റണ്ണിങ് കോൺട്രാക്ടിൽ ഏർപ്പെട്ട സ്ഥാപനമാണെങ്കിൽ ആയത് രേഖാമൂലം അറിയിക്കുന്നതിനും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 10/25.06.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. സ.ഉ(പി)നം.259/2010/ത.സ്വ.ഭ.വ/08.11.2010 പ്രൊക്വയർമെന്റ് മാർഗ്ഗരേഖ പ്രകാരം ഉള്ള ടെണ്ടർ നടപടികളിൽ പ്രസ്തുത സ്ഥാപനത്തെ ഉൾപ്പെടുത്താത്തതിനും വാങ്ങലുകൾ നടത്തിയതിനും മറുപടി അറിയിക്കേണ്ടതാണ്.

1-15 സായാഹ്ന ഒ പി - ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ് ഹോണറേറിയം നൽകൽ-മറുപടി, രേഖകൾ ലഭ്യമാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി
പ്രോജക്ട് നം,പേര്	35/25, സായാഹ്ന ഒ പി – ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ് ഹോണറേറിയം നൽകൽ
അടങ്കൽ	₹760208 – വികസന ഫണ്ട്-പൊതുവിഭാഗം ₹1039792 - തനത് ഫണ്ട്

ചെലവ്	₹756954 - വികസന ഫണ്ട്-പൊതുവിഭാഗം ₹1039329 - തനത് ഫണ്ട്

ഇരിവേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ സായാഹ്ന ഒ.പി. യും രാത്രികാല ചികിത്സയും തുടരുന്നതിന് ആവശ്യമായ 2 ഡോക്ടർമാരെയും 2 പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിച്ച് വേതനം നൽകുന്നതുമായി ബന്ധപ്പെട്ടതാണ് പ്രസ്തുത പ്രോജക്ട്.

A) ഒക്ടോബർ, നവംബർ മാസങ്ങളിൽ ഡോക്ടർമാരായ അനുശ്രീ വി, അമ്പിളി പി എന്നവർക്ക് വേതനം നൽകിയ വിവരം ചുവടെ കൊടുക്കുന്നു.

ഡോക്ടർമാരുടെ പേര്	അർഹതപ്പെട്ട വേതനം (മാസത്തിൽ)	മാസം/വർഷം	വേതനത്തിന് അർഹമായ ദിവസം	നൽകിയ വേതനം	തുക ഉൾപ്പെട്ട ബിൽ/തീയതി
ഡോ.അനുശ്രീ വി, അസിസ്റ്റന്റ് സർജ്ജൻ	₹57525	October, 2024	30	₹55669	വൗച്ചർ നമ്പർ 109/04.12.2024 154716
ഡോ.അമ്പിളി പി, അസിസ്റ്റന്റ് സർജ്ജൻ	₹57525	October, 2024	29	₹53814	വൗച്ചർ നമ്പർ 109/04.12.2024 154716
ഡോ.അനുശ്രീ വി, അസിസ്റ്റന്റ് സർജ്ജൻ	₹57525	November,2024	30	₹57525	വൗച്ചർ നമ്പർ 125/06.01.2025 170565
ഡോ.അമ്പിളി പി, അസിസ്റ്റന്റ് സർജ്ജൻ	₹57525	November,2024	30	₹57525	വൗച്ചർ നമ്പർ 125/06.01.2025 170565

പ്രസ്തുത മാസങ്ങളിലെ വേതനത്തിൽ നിന്നും ഇൻകം ടാക്സ് കുറവ് ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

B) 2024 ഡിസംബർ, 2025 ജനുവരി മുതൽ ഫെബ്രുവരി വരെയുള്ള ഡോക്ടർമാരുടെ വേതനത്തിന്റെ ശമ്പള ബില്ലിൽ നിന്നും ഐ ടി കുറവ് ചെയ്തിട്ടില്ല. എന്നാൽ പ്രോജക്ട് തനത് ഫണ്ട് വഴി ചെയ്യുമ്പോൾ ഐ ടി കുറവ് വരുത്തിയാൽ ബ്ലോക്ക് പഞ്ചായത്ത് ടാൻ അക്കൗണ്ടിലേക്ക് പോകുന്നതിനാൽ ശമ്പള ബില്ലിൽ നിന്നും ടാക്സ് കുറവ് വരുത്തിയിട്ടില്ലായെന്നും പകരം സി എച്ച് സി ഇരിവേരിയുടെ ടാൻ അക്കൗണ്ടിലേക്ക് നേരിട്ട് അടച്ചിട്ടുണ്ടെന്നും മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വിവരം സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

C) ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരുടെ നിയമനവുമായി ബന്ധപ്പെട്ട ഭരണസമിതി തീരുമാനം ലഭ്യമല്ല. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട മേൽവിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 05/24.06.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയും രേഖകളും ലഭ്യമാക്കേണ്ടതാണ്.

1-16 സി എച്ച് സി ഇരിവേരിയിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ-അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, സി എച്ച് സി
പ്രോജക്ടിന്റെ നമ്പർ, പേര്	133/25,സി എച്ച് സി ഇരിവേരിയിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ
അടങ്കൽ	₹2129520 (മെയിന്റനൻസ്ഫണ്ട്-റോഡിതരം)
ചെലവ് തുക/ബിൽ നം./	₹352540 - 302/11.03.2025

തീയതി	₹595259 - 301/11.03.2025 ₹1175186 - 303/11.03.2025 ₹6535 – 307/11.03.2025 ആകെ: ₹2129520

സി എച്ച് സി ഇരിവേരിയിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി ഉപകരണങ്ങൾ വാങ്ങുന്നതാണ് പ്രസ്തുത പ്രോജക്ട്.

പ്രോജക്ടിന്റെ ഭാഗമായി ഉപകരണങ്ങൾ ആർട്കോ, റബ്കോ, ഗംഗോത്രി ഇൻഡസ്ട്രീസ് എന്നീ സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

A. ഇൻവോയ്സ് നമ്പർ 24-25/85, 01.03.2025 പ്രകാരം ₹2129520 (മെയിന്റനൻസ്ഫണ്ട്-റോഡിതരം) 1175186 യ്ക്ക്(മേൽ ബിൽ നമ്പർ 303/11.03.2025 ൽ ഉൾപ്പെട്ടത്) ആശുപത്രിക്ക് ആവശ്യമായ ഉപകരണങ്ങൾ ഗംഗോത്രി ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. സ.ഉ(പി)നം.259/2010/ത.സ്വ.ഭ.വ, 08.11.2010 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ₹2129520 (മെയിന്റനൻസ്ഫണ്ട്-റോഡിതരം) 100000 ന് മുകളിൽ വാങ്ങലുകൾ നടത്തുമ്പോൾ ഓപ്പൺ ടെണ്ടർ നടപടിക്രമം പാലിക്കേണ്ടതുണ്ട്. പ്രസ്തുത വാങ്ങൽ നടത്തിയത് ടെണ്ടർ നടപടിക്രമം പാലിച്ചിട്ടാണോയെന്ന് വ്യക്തമല്ല.

B. സർക്കാർ ഉത്തരവ് (സാധാ) 259/2010/ത.സ്വ.ഭ.വ/08.11.2010 ഖ. 2-സി. സമാഹരണ നടപടിക്രമങ്ങളിൽ ക്രമ നമ്പർ 2 ൽ വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ഉചിതമായ നടപടിക്രമമനുസരിച്ച് വാങ്ങൽ നടപടി ആരംഭിക്കുകയും ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ പ്രൊക്വയർമെന്റ് കമ്മിറ്റി തീരുമാന പ്രകാരമല്ലാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാങ്ങലുകൾ നടത്താൻ പാടുള്ളതല്ല. പ്രസ്തുത വാങ്ങലുകളുമായി ബന്ധപ്പെട്ട തീരുമാനം പ്രൊക്വയർമെന്റ് കമ്മിറ്റി മിനുട്സിൽ വന്നിട്ടില്ല.

C. ഇൻവോയ്സ് നമ്പർ RHW/24-25/273, 22.02.2025 പ്രകാരം റബ്കോ യിൽ നിന്നും വാങ്ങിയ 15 എണ്ണം Steel Rack With 6 Shelves-78”X36”X15”RC No.14 (മേൽ ബിൽ നമ്പർ 302/11.03.2025 ൽ ഉൾപ്പെട്ടത്) 10.12.2024 ലെ ജി.ഒ.(ആർ.ടി) നമ്പർ 143/2024/SPD ൽ ഉൾപ്പെട്ടിട്ടില്ല.

D. ബിൽ നമ്പർ 2024-25TVM 462, 01.03.2025 പ്രകാരം ARTCO LTD ൽ നിന്നും വാങ്ങിയ 8 എണ്ണം Wooden Steps To Step On Hospital Bed (മേൽ ബിൽ നമ്പർ 301/11.03.2025 ൽ ഉൾപ്പെട്ടത്) 07.03.2024 ലെ ജി.ഒ.(ആർ.ടി) നമ്പർ 30/2024/SPD, 02.06.2023 ലെ ജി.ഒ.(ആർ.ടി) നമ്പർ 57/2023/SPD എന്നീ ഉത്തരവുകളിൽ ലിസ്റ്റ് ചെയ്യപ്പെട്ട സാധനങ്ങളിൽ ഉൾപ്പെട്ടിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 08/25.06.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകം A യിൽ പരാമർശിച്ച വാങ്ങലുകൾ സംബന്ധിച്ച നടപടിക്രമങ്ങൾ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കേണ്ടതാണ്. കൂടാതെ മറ്റ് അപാകങ്ങൾക്ക് രേഖകൾ സഹിതം മറുപടി അറിയിക്കേണ്ടതാണ്.

1-17 സെക്കണ്ടറി പാലിയേറ്റിവ് രോഗികൾക്ക് മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിന് ധനസഹായം നൽകൽ-രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹10464യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, സി എച്ച് സി
പ്രോജക്ടിന്റെ നമ്പർ, പേര്	36/25, സെക്കണ്ടറി പാലിയേറ്റിവ് രോഗികൾക്ക് മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിന് ധനസഹായം നൽകൽ
അടങ്കൽ	₹500000 (വികസന ഫണ്ട്- പൊതുവിഭാഗം)

ചെലവ്	₹485311

സെക്കണ്ടറി പാലിയേറ്റിവ് രോഗികൾക്ക് മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിന് ധനസഹായം നൽകുന്നതുമായി ബന്ധപ്പെട്ടതാണ് ഈ പ്രോജക്ട്.
പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ,ഹാജരാക്കാത്ത രേഖകൾ എന്നിവ ചുവടെ കൊടുക്കുന്നു.
A) പ്രോജക്ടിന്റെ ഭാഗമായി സ്പർശം ആംബുലൻസ് ഡ്രൈവർ ശ്രീ.മൃദുൽ കെ വി എന്നവർക്ക് 2024 മാർച്ച് മാസം മുതൽ 2025 ഫെബ്രുവരി മാസം വരെ വാഹനം ഓടിയ വകയിൽ ഒരു ദിവസത്തെ വേതനം ₹730 നിരക്കിൽ താഴെ പറയും വിധം തുക നൽകിയിട്ടുണ്ട്.

മാസം	വാഹനം ഓടിയ ദിവസം	നൽകിയ തുക (₹730/Day)	തുക ഉൾപ്പെട്ട സാംഖ്യ ബിൽ	റിമാർക്സ്
2024 മാർച്ച്	23	₹16790	29/24.06.2024/₹29585	
ഏപ്രിൽ	22	₹16060	28/24.06.2024/₹32120	
മെയ്	22	₹16060		
ജൂൺ	19	₹13870	36/05.07.2024/₹13870	
ജൂലൈ	20	₹14600	52/08.08.2024/₹14600	
ആഗസ്ത്	22	₹16060	77/05.09.2024/₹16060	
സെപ്തംബർ	21	₹15330	154/11.12.2024/₹15330	
ഒക്ടോബർ	22	₹16060	157/11.12.2024/₹16060	
നവംബർ	24	₹17520	188/03.01.2025/₹17520	കൈപ്പറ്റ് രസീതിൽ ഡ്രൈവർ ഓടിയ ദിവസം രേഖപ്പെടുത്തിയിട്ടില്ല
ഡിസംബർ	21	₹15330	196/09.01.2025/₹30494	
2025 ജനുവരി	25	₹18250	243/10.02.2025/₹23464	
2025 ഫെബ്രുവരി	22	₹16060	292/07.03.2025/₹16060	

1. പ്രസ്തുത മാസങ്ങളിൽ എത്ര ദിവസം ഓടിയെന്നതുൾപ്പെടെയുള്ള ട്രിപ്പ് ഷീറ്റ് ഫയലിൽ ഇല്ല.
2. ശ്രീ മൃദുൽ കെ വി എന്നവരെ ദിവസ വേതനം ₹730 നിരക്കിൽ ഡ്രൈവറായി തെരഞ്ഞെടുത്തതിന്റെ നടപടിക്രമങ്ങൾ ഫയലിൽ ഇല്ല.
B) സാംഖ്യാ ബിൽ 53/08.08.2024/₹4896 പ്രകാരം അശോകൻ കെ (കൃഷ്ണ റെസ്റ്റോറന്റ്), മധുസൂദനൻ പി കെ (ശിവ് ഹോട്ട് ആൻഡ് കൂൾ), പുതിയേടത്ത് ബാലൻ (ഹോട്ടൽ ബ്രദേഴ്സ്), സന്തോഷ് എൻ (ഗായത്രി ഹോട്ടൽ) എന്നിവർക്ക് യഥാക്രമം ₹1680, ₹336, ₹2160, ₹720 നൽകിയിട്ടുണ്ട്. പ്രസ്തുത ചെലവിന്റെ അനുബന്ധ ബില്ലുകൾ ഫയലിൽ ഇല്ല.
C) സാംഖ്യാ ബിൽ 286/07.03.2025/₹5568 പ്രകാരം അശോകൻ കെ (കൃഷ്ണ റെസ്റ്റോറന്റ്), മധുസൂദനൻ പി കെ (ശിവ് ഹോട്ട് ആൻഡ് കൂൾ), സന്തോഷ് എൻ (ഗായത്രി ഹോട്ടൽ), നിജേഷ് കെ (ശശീന്ദ്ര ഹോട്ടൽ) എന്നിവർക്ക് യഥാക്രമം ₹2400, ₹288, ₹720, ₹2160 നൽകിയിട്ടുണ്ട്. പ്രസ്തുത ചെലവിന്റെ അനുബന്ധ ബില്ലുകൾ ഫയലിൽ ഇല്ല.
മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 14/26.06.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകം A യിൽ പരാമർശിച്ച ആംബുലൻസ് വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് ലഭ്യമാക്കേണ്ടതാണ്. അപാകങ്ങൾ B, C എന്നിവയിലെ ചെലവ് തുകയുടെ അനുബന്ധരേഖകൾ ലഭ്യമാക്കാത്തതിനാൽ ₹10464 (4896+5568) യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-18 സി എച്ച് സി ഇരിവേരിയിൽ പുതിയ കെട്ടിടത്തിൽ സി.സി.ടി വി സ്ഥാപിക്കൽ പ്രവൃത്തി. പൂർത്തീകരണ വിനിയോഗ വിവരം ലഭ്യമായില്ല.

₹1300000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി,
പ്രോജക്ട് നമ്പർ, പേര്	131/25, സി എച്ച് സി ഇരിവേരിയിൽ പുതിയ കെട്ടിടത്തിൽ സി.സി. ടി വി സ്ഥാപിക്കൽ
അടങ്കൽ	₹1300000 – മെയിന്റനൻസ് ഫണ്ട് റോഡിതരം
ചെലവ്	₹1300000 (144/10.12.2024)

സി എച്ച് സി ഇരിവേരിയിൽ പുതിയതായി സ്ഥാപിച്ച കെട്ടിടത്തിന് സി സി ടി വി സ്ഥാപിക്കുന്നതിനായുള്ള മേൽ പ്രോജക്ടിന്റെ ഭാഗമായി പൊതുമരാമത്ത് ഇലക്ട്രിക്കൽ ഡിവിഷൻ കണ്ണൂരിന്റെ 07.11.2024ലെ PWD/223BLGD/EST/1140/24 നമ്പർ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ₹1300000 ഡെപ്പോസിറ്റ് വർക്ക് ഇനത്തിൽ പൊതുമരാമത്ത് വൈദ്യുത വിഭാഗത്തിന് (തൃശ്ശൂർ) '8483-00-108 PW Deposit' എന്ന ശീർഷകത്തിലേക്ക് നല്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ/വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1. പൊതുമരാമത്ത് വൈദ്യുത വിഭാഗത്തിന്റെ കൈപ്പറ്റ് രസീത്

2. പൊതുമരാമത്ത് വൈദ്യുത വിഭാഗവുമായുള്ള കരാർ/എഗ്രിമെന്റ്

3. പ്രോജക്ട് പ്രകാരം വർക്ക് പൂർത്തീകരിക്കേണ്ട തീയതി

4. വർക്ക് പൂർത്തിയായിട്ടുണ്ടെങ്കിൽ ആയതിന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റ്/ധന വിനിയോഗ സാക്ഷ്യപത്രം എന്നീ വിവരങ്ങൾ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (18/25.06.2025) ലഭ്യമാക്കിയ മറുപടിയിൽ പി.ഡബ്ല്യു.ഡി. ഇലക്ട്രോണിക്സ് വിഭാഗവുമായി എഗ്രിമെന്റ് വെക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും എഗ്രിമെന്റ് വെച്ച് 6 മാസത്തിനകമാണ് പ്രവൃത്തി പൂർത്തീകരിക്കേണ്ടതെന്നും അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരണ വിവരം/വിനിയോഗസാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ ₹1300000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-19 തെരുവ് നായ നിയന്ത്രണം ബ്ലോക്ക് വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമായില്ല. ₹200000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

കണ്ണൂർ ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പരിപാടിക്ക് ബ്ലോക്ക് വിഹിതം നൽകുന്നതിനായി തയ്യാറാക്കിയ പദ്ധതിയിൽ ₹200000 ജില്ലാ പഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ പട്ടികയിൽ കൊടുക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ, പേര്	23/25, തെരുവ്നായ്ക്കളുടെ നിയന്ത്രണം ബ്ലോക്ക് വിഹിതം നൽകൽ
അടങ്കൽ	₹200000 – വികസന ഫണ്ട് ജനറൽ
ചെലവ്, ബിൽ നമ്പർ/ തീയതി (എ.സി.ആർ. പ്രകാരം)	₹200000, 354/22.03.2025

തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യക്കിയിട്ടില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (18/26.06.2025) ലഭ്യമാക്കിയ മറുപടിയിൽ കണ്ണൂർ ജില്ലാ പഞ്ചായത്തിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹200000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-20 ദി ക്ലീൻ കേരള കോൺക്ലേവ്-വിനിയോഗ വിവരം ലഭ്യമല്ല. ₹200000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ടിന്റെ നമ്പരും പേരും	157/25, വൃത്തി-2025 ദി ക്ലീൻ കേരള കോൺക്ലേവ്
അടങ്കൽ	₹200000 (CFC ടൈഡ്)
ചെലവ്, ബിൽ നമ്പർ & തീയതി	₹200000, 341/21.03.2025

തദ്ദേശസ്വയംഭരണ (WM) വകുപ്പിന്റെ 07.03.2025 തീയതിയിലെ സ.ഉ.(സാധാ) നം.645/2025/ത.സ്വ.ഭ.വ. പ്രകാരം മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട് വൃത്തി-2025 ദി ക്ലീൻ കേരള കോൺക്ലേവ് എന്ന ഇവന്റ് സംഘടിപ്പിക്കുന്നതിന്റെ ചെലവിലേക്കായി ₹200000 ശുചിത്വമിഷന് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/26.06.2025) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹200000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-21 തുക അനുവദിച്ചതിൽ സുതാര്യത പാലിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രൊജക്ട് നമ്പർ, പേര്	27/25, ഐ.എസ്.ഒ സർട്ടിഫിക്കേഷൻ
അടങ്കൽ	₹346000 – തനത് ഫണ്ട്
ചെലവ്	₹41000 (Allotment No.120/30.10.2024) ₹75000 (ചെക്ക് നം.1433206/10.12.2024) ആകെ: ₹116000

ഇ-ഓഫീസ് പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന്റ ഭാഗമായി കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ എന്നിവ വാങ്ങുന്നതിനും കേടായിരിക്കുന്ന ലിഫ്റ്റ് റിപ്പയർ ചെയ്യുന്നതിനും ഓഫീസ് പരിസരത്തെ പൊതു ടോയ്ലറ്റ് മാലിന്യം നീക്കുന്നതിനും വേണ്ടി രൂപീകരിച്ച പ്രോജക്ടാണിത്.

പ്രോജക്ട് പ്രകാരം ലിഫ്റ്റ് റിപ്പയർ ചെയ്യുന്നതിനായി ₹75000 യും, ചാല ടൗണിലെ പൊതു ടോയ്ലറ്റ് സെപ്റ്റിക് ടാങ്ക് വൃത്തിയാക്കുന്നതിന് ₹41000 യും ഉൾപ്പെടെ ആകെ ₹116000 യാണ് ചെലവ്.

ചാല ടൗണിലെ പൊതു ടോയ്ലറ്റ് സെപ്റ്റിക് ടാങ്ക് വൃത്തിയാക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത മധു കെ പി, ഇരിട്ടി എന്നവരുടെ ക്വട്ടേഷൻ അംഗീകരിക്കുകയും ടാങ്ക് വൃത്തിയാക്കിയ വകയിൽ ₹41000 കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്.
പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) ടാങ്ക് വൃത്തിയാക്കിയ ഇനത്തിലെ തുകയായ ₹41000 ക്യാഷ് ആയിട്ടാണ് കരാറുകാരന് നൽകിയിട്ടുള്ളത് .
2) ചെലവ് തുക പിന്നീട് അബ്ദുൾ ഹക്കീം. ടി, (ഹെഡ് ക്ലർക്ക്) എന്നവർക്ക് റീഫണ്ട് ചെയ്തു നൽകി.

ജി.ഒ.(പി) നം.177/2006/ഫിൻ തീയതി 12.04.2006 പ്രകാരം ₹1000 യ്ക്ക് മുകളിൽ വരുന്ന ചെലവുകൾ വ്യക്തി, സ്ഥാപനം, കോൺട്രാക്ടർ, സപ്ലൈയർ തുടങ്ങിയവർക്ക് അവരുടെ ബാങ്ക് അക്കൗണ്ട് മുഖാന്തിരം മാത്രം നടത്തണമെന്നിരിക്കെ കരാറുകാരന് തുക ക്യാഷ് ആയി നൽകിയത് ശരിയായ നടപടിയല്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (12/20.06.2025) മറുപടിയിൽ എടക്കാട് ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ ഉള്ള പൊതു ടോയ്ലറ്റിലെ മലിനജലം റോഡ് വഴി ഒഴുകുകയും വൃത്തിഹീനമാവുകയും അടിയന്തിരമായി മാലിന്യം നീക്കം ചെയ്യുകയുമാണുണ്ടായതെന്നും, വൃത്തിഹീനമായ മാലിന്യം നീക്കം ചെയ്യുന്ന തൊഴിലിൽ ഏർപ്പെട്ട ശ്രീ.മധു എന്നവർ ഉൾപ്പെടെയുള്ള തൊഴിലാളികൾക്ക് ബാങ്ക് അക്കൗണ്ടിൽ തുക അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നതിനാലും, തൊഴിലാളികളുടെ ആവശ്യം പരിഗണിച്ചുമാണ് തുക പണമായി നൽകിയതെന്ന് അറിയിക്കുകയുണ്ടായി. അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-22 കേരളോത്സവം അധികം ചെലവഴിച്ച ₹87097 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ, പേര്	11/25, കേരളോത്സവം
അടങ്കൽ	₹137097 – വികസന ഫണ്ട് (ജനറൽ) ₹100000 – മറ്റുള്ളവ ആകെ: ₹237097
ചെലവ്, ചെക്ക്/ബിൽ നമ്പർ, തീയതി	₹137097, 68/08.09.2020 ₹100000, 3937/30.11.2024 ആകെ: ₹237097

എടക്കാട് ബ്ലോക്ക് പഞ്ചായത്തിലെ 2024 വർഷത്തെ കേരളോത്സവം നടത്തിപ്പുമായി ബന്ധപ്പെട്ട് ₹237097 ചെലവഴിച്ചിട്ടുണ്ട് (പ്ലാൻ ഫണ്ടിൽ നിന്നും ₹137097 യും, കേരളോത്സവുമായി ബന്ധപ്പെട്ട തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും ₹100000യും). സ.ഉ.(സാധാ)നം.2151/2024/LSGD, Dated 11.11.2024 പ്രകാരം കേരളോത്സവത്തിനായി ബ്ലോക്ക് പഞ്ചായത്തിന് പ്ലാൻ/തനത് ഫണ്ടിൽ നിന്നും പരമാവധി ചെലവഴിക്കാവുന്ന തുക ₹150000 യാണ്. എന്നാൽ ₹237097 ചെലവഴിച്ചത് ഏതടിസ്ഥാനമായാണെന്ന് വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ തനത്/പ്ലാൻ ഫണ്ടിൽ നിന്നും ₹150000 യും യുവജനക്ഷേമ ബോർഡിൽ നിന്നും ലഭിക്കുന്ന ₹100000 യും കൂടി ആകെ ₹250000 ചെലവഴിക്കുന്നതിന് നിർദ്ദേശിക്കുകയുണ്ടായി എന്ന് അറിയിക്കുകയുണ്ടായി. അധികം ചെലവഴിച്ച തുക ₹87097 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-23 ആർ.ആർ.എഫ്. കെട്ടിട നിർമ്മാണം-കാലാവധിക്കകം പ്രവൃത്തി പൂർത്തീകരിച്ചില്ല. പിഴ ഈടാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
പ്രോജക്ട് നമ്പർ/ പേര്	94/24, ആർ.ആർ.എഫ്. കെട്ടിടനിർമ്മാണവും മെഷീൻ സ്ഥാപിക്കലും
ആകെ അടങ്കൽ	₹4200000 2024-25 ലെ ആകെ അടങ്കൽ: ₹1557328 സംസ്ഥാനാവിഷ്കൃത ഫണ്ട്: ₹1151808

	തനത് ഫണ്ട്ഃ ₹405520
പി എ സി തുക	₹3282421
കരാറുകാരൻ	കെ.വി.പത്മനാഭൻ
കരാർ നമ്പർ & തീയതി	AE/LSGD/TLY/07/22-23/15.09.2023
ചെലവ്	2023-24 ലെ ചെലവ് – ₹2642672 ₹957517 Allotment No.204/09.01.2025 (2024-25 ലെ ചെലവ് ₹957517) ആകെ ചെലവ്ഃ ₹3600189

മേൽ പദ്ധതി സംബന്ധിച്ച ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. മേൽ പ്രവൃത്തിക്ക് ആകെ അനുവദിക്കാവുന്ന Extension Period രണ്ടു തവണകളിലായി 6 മാസമാണ്. ആദ്യ തവണയിൽ കാലാവധിയുടെ 25% വും രണ്ടാമത് 25% കൂടി ആകെ പ്രവൃത്തിയുടെ കാലാവധിയുടെ 50% മാത്രമാണ് അധികം അനുവദിക്കാവുന്നത്. എന്നാൽ മേൽ പ്രവൃത്തിക്ക് ആദ്യതവണ തന്നെ 6 മാസം Extension നൽകുകയും വീണ്ടും 4 മാസം കൂടി കാലാവധി ദീർഘിപ്പിക്കുകയാണ് ഉണ്ടായത്. വിശദവിവരം ചുവടെ കൊടുക്കുന്നു.

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി – 23.02.2024

പൂർത്തീകരിച്ച തീയതി - 26-12-2024

കരാർ പ്രകാരം അനുവദിച്ച പൂർത്തീകരണ സമയം - 1 വർഷം

രണ്ടു തവണകളിലായി അനുവദിച്ച Extension Period - 10 മാസം
പരമാവധി അനുവദിക്കാവുന്ന Extension Time – 6 മാസം

ഭരണസമിതി തീരുമാനം ഇല്ലാതെ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതും പിഴ ഒഴിവാക്കി നൽകുന്നതും ക്രമപ്രകാരമല്ല. നടപടിക്രമങ്ങൾ പാലിക്കാതെ കാലാവധി ദീർഘിപ്പിച്ചു നൽകിയതും പിഴ ഈടാക്കാതെ കാലാവധി ദീർഘിപ്പിച്ചതും സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 7/25.06.2025 ന് മറുപടിയായി പുതുക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭ്യമാകുവാൻ കാലതാമസം വന്നതിനാലാണ് പ്രവൃത്തി കാലാവധിക്കകം പൂർത്തീകരിക്കാൻ സാധിക്കാത്തത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.
2. കാലാവധി ദീർഘിപ്പിച്ചത് സംബന്ധിച്ച ഭരണസമിതി തീരുമാനം ലഭ്യമാക്കിയിട്ടില്ല.

ഈ സാഹചര്യത്തിൽ അർഹമായതിലും അധികം അനുവദിച്ച കാലയളവിലേയ്ക്ക് സ.ഉ.(എം.എസ്)നം.21/2024/പി.ഡബ്ല്യു.ഡി. തീയതി 02.04.2024 പ്രകാരമുള്ള പിഴ ഈടാക്കേണ്ടതാണ്.

1-24 കാനച്ചേരി കല്ലിൽ പാറക്കോട്ട്,മാവിലായി കുടിവെള്ള പദ്ധതികൾ - പ്രവൃത്തി പൂർത്തീകരിച്ച് ഗ്രാമ പഞ്ചായത്തിന് കൈമാറിയിട്ടില്ല - പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടില്ല

I)

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്ട് നമ്പർ/പേര്	104/25 മുണ്ടേരി പഞ്ചായത്തിലെ കാനച്ചേരി കല്ലിൽ പാറക്കോട്ട കുടിവെള്ള പദ്ധതി
അടങ്കൽ	₹575000 – സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്
പി.എ.സി. തുക	₹493956
കരാറുകാരൻ	ഇസ്മയിൽ.കെ

കരാർ നമ്പരും തീയതിയും	AE/EKD/19/2023-24/03.02.2024
ചെലവ്	₹100838/24190163012500626899/05.09.2024 ₹471388/24190163012501169440/13.01.2025 ആകെ ചെലവ്: ₹572226

മുണ്ടേരി ഗ്രാമപഞ്ചായത്തിലെ കാനച്ചേരി ഭാഗത്തെ മുപ്പതോളം കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുവാൻ വേണ്ടി തുറന്ന കിണർ നിർമ്മിച്ച് ടാങ്കിൽ നിറച്ച് പൈപ്പ് മുഖേന എത്തിക്കുവാനുള്ള പ്രൊജക്ടാണിത്.

മേൽ പദ്ധതി സംബന്ധിച്ച ഫയൽ പരിശോധനയിൽ കണ്ടെത്തിയ ചുവടെ കൊടുത്ത അപാകങ്ങൾ ഓഡിറ്റ് എൻക്വയറി നമ്പർ. 23/27.06.2025 പ്രകാരം അറിയിച്ചതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1. കരാറുകാരനായ ശ്രീ.ഇസ്മയിൽ.കെ ഓഫർ വ്യവസ്ഥയിൽ സമർപ്പിച്ച 9.7% അധിക നിരക്കിലുള്ള കരാർ പ്രകാരം ടിയാളെ പ്രവൃത്തി ഏൽപിക്കുകയാണ് ഉണ്ടായത്. ഓഫർ വ്യവസ്ഥയിൽ സമർപ്പിച്ച എസ്റ്റിമേറ്റ് അംഗീകരിക്കാൻ ഉണ്ടായ കാരണവും, മേൽ പ്രവൃത്തിക്ക് ടെണ്ടർ-റീടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചതിന്റെ രേഖകളും ലഭ്യമാക്കിയിട്ടില്ല.

2. ഭൂജലവകുപ്പിന്റെ 24.02.2022 ഫീസിബിലിറ്റി ടെസ്റ്റ് റിപ്പോർട്ട് (GW/KNR/28/2022) പ്രകാരം നിലവിലെ സ്ഥലത്ത് കിണർ നിർമ്മാണം അനുയോജ്യമല്ലെന്നും താഴ്വാര പ്രദേശത്ത് മറ്റൊരു സ്ഥലം കണ്ടെത്തി തുറന്ന കിണർ നിർമ്മിക്കാവുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ 05.04.2022ൽ നടന്ന ഭരണസമിതി യോഗത്തിൽ നിർദ്ദിഷ്ട സ്ഥലത്ത് തന്നെ കിണർ നിർമ്മിക്കാനും ജലലഭ്യത അനുസരിച്ച് ഗുണഭോക്താക്കളെ നിശ്ചയിച്ച് പദ്ധതി പൂർത്തീകരിക്കാനും (4/4 തീരുമാനം) തീരുമാനിച്ചിട്ടുണ്ട്. ഫീസിബിലിറ്റി ടെസ്റ്റ് റിപ്പോർട്ടിനു വിപരീതമായി മേൽ തീരുമാനമെടുക്കുകയും മേൽ പ്രവൃത്തി സംബന്ധിച്ച് ഫൈനൽ ബിൽ തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടാങ്ക്, പൈപ്പ് ലൈൻ, വൈദ്യുതി പ്രവൃത്തികൾ പൂർത്തീകരിച്ചോ എന്ന് വ്യക്തമല്ല. പ്രവൃത്തിയുടെ നിലവിലുള്ള സ്ഥിതിവിവരം അറിയിക്കേണ്ടതാണ്.

3. ജലപരിശോധന, യീൽഡ് ടെസ്റ്റ് എന്നിവ പൂർത്തീകരിച്ച് ഗുണഭോക്തൃ സമിതിയെ ഏൽപിച്ചതിന്റെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/27.06.2025) മറുപടിയായി തുടർപ്രവൃത്തികൾ ചെയ്യാൻ നടപടി സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

II)

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്ട് നമ്പർ/ പേര്	132/25, മാവിലായി കുളം നിർമ്മാണം – പെരളശ്ശേരി ഗ്രാമപഞ്ചായത്ത്
അടങ്കൽ	₹4400000 – ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)
പി എ സി തുക	₹3152926
കരാറുകാരൻ	വിപിൻ.പി
കരാർ നമ്പർ & തീയതി	AE/EKD/27/23-24 തീയതി 16.03.2024
പൂർത്തീകരണ കാലം	6 മാസം

ചെലവ്	₹942837, 383/29.03.2025 ₹2520543, 331/18.03.2025 ആകെ ചെലവ്: ₹3463380

മേൽ പദ്ധതി സംബന്ധിച്ച ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. 06.07.2021 ന് ഭൂജലവകുപ്പിന്റെ ഫീസിബിലിറ്റി റിപ്പോർട്ട് ലഭിച്ചതും 16.03.2024 ന് ആരംഭിച്ചതുമായ മേൽ പ്രവൃത്തി നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല. ടാങ്ക്, പൈപ്പ് ലൈൻ, വൈദ്യുതി പ്രവൃത്തികൾ പൂർത്തീകരിച്ചോ എന്ന് വ്യക്തമല്ല.

2. ജലപരിശോധന, യീൽഡ് ടെസ്റ്റ് എന്നിവ പൂർത്തീകരിച്ച് ഗുണഭോക്തൃ സമിതിയെ ഏൽപിച്ചതിന്റെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 24/27.06.2025 ന് മറുപടിയായി തുടർനടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിച്ച്, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-25 റോഡ് നിർമ്മാണം - വൈകിയതിന് നിയമപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല

I)

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്ട് നമ്പർ/ പേര്	97/25, അബ്ദുള്ളപ്പീടിക കടന്നപ്പള്ളി റോഡ് നിർമ്മാണം -ചെമ്പിലോട് പഞ്ചായത്ത്
അടങ്കൽ	₹900000 – ധനകാര്യ കമ്മീഷൻ ഗ്രാന്റ് ₹316082 – വികസന ഫണ്ട് ആകെ അടങ്കൽ: ₹1216082
പി.എ.സി തുക	₹1260211
കരാറുകാരൻ	സി എച്ച് അസ്കർ
കരാർ നമ്പർ & തീയതി	AE/EKD/22/22-23 തീയതി 28.03.2023
പൂർത്തീകരണ കാലം	6 മാസം
ചെലവ്	₹900000 Allotment No. 130/06.11.2024 – ധനകാര്യ കമ്മീഷൻ ഗ്രാന്റ് ₹316082 241901630125010162/11.11.2024 – വികസന ഫണ്ട് ആകെ: ₹1216082

മേൽ പദ്ധതി സംബന്ധിച്ച ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. 2022-23 ൽ ആരംഭിച്ച മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ്ഡ് ചെയ്യേണ്ടുന്ന സാഹചര്യത്തിൽ പ്രവൃത്തി സമയപരിധിക്കകം പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ കാലാവധി പിഴ കൂടാതെ ദീർഘിപ്പിക്കുന്നതിനു വേണ്ടി കരാറുകാരൻ 24.11.2023ന് അപേക്ഷ നൽകുകയും, ആയത് അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകരിക്കുകയും പിഴ കൂടാതെ 6 മാസം ദീർഘിപ്പിക്കുവാൻ ശിപാർശ ചെയ്തിട്ടുമുണ്ട്. എന്നാൽ ഇത് സംബന്ധിച്ച ഭരണസമിതി

തീരുമാനം ഫയലിൽ ലഭ്യമല്ല.

2. 2023 മാർച്ച് മാസം ആരംഭിച്ച മേൽ പ്രവൃത്തി 29.07.2024 നാണ് പൂർത്തിയാക്കിയത്. പൂർത്തീകരണം വൈകിയത് സംബന്ധിച്ച് നാട്ടുകാരുടെ പരാതി ഉണ്ടായിട്ടുണ്ട്. മേൽ പരാതി വിവരം, സെക്രട്ടറി 25.11.2023 ലെ കത്ത് മുഖേന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിച്ചിട്ടുമുണ്ട്. പ്രവൃത്തിയുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

കരാർ തീയതി	: 07.04.2023
കരാർ പ്രകാരം അനുവദിച്ച പൂർത്തീകരണ സമയം	: 6 മാസം
കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി	: 06.10.2023
പൂർത്തീകരിച്ച തീയതി	: 29.07.2024

3. ആകെ 9 മാസം പ്രവൃത്തി ദീർഘിപ്പിച്ചിട്ടും ഫൈൻ ഈടാക്കിയിട്ടില്ല. പ്രവൃത്തിയുടെ കാലാവധി അർഹമായതിലും അധികം ദീർഘിപ്പിക്കാനുള്ള കാരണവും, കേരള പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കാത്തത് സംബന്ധിച്ചും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/27.06.2025) മറുപടിയായി പ്രവൃത്തി ആരംഭിച്ചപ്പോൾ സ്ഥലം മുഴുവനും ഉപയോഗിച്ചില്ല എന്ന പരാതിയുടെ അടിസ്ഥാനത്തിൽ പുതിയ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് പ്രൊജക്ട് രൂപീകരിക്കുകയും ആയതിന്റെ പ്രവൃത്തി പൂർത്തിയായ മുറയ്ക്കാണ് റോഡ് പ്രവൃത്തി പൂർത്തീകരിച്ചതെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ എത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല. കേരള പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള പിഴ തുക (ബാക്കി) ഈടാക്കി ഒടുക്കേണ്ടതാണ്.

II)

നിർവഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്ട് നമ്പർ/ പേര്	96/25, കരുണൻ പീടിക രാമൻ വിലാസം സ്കൂൾ റോഡ് -പെരളശ്ശേരി ഗ്രാമപഞ്ചായത്ത്
അടങ്കൽ	₹1135200 - ധനകാര്യ കമ്മീഷൻ ഗ്രാന്റ്
പി.എ.സി തുക	₹927962.37
കരാറുകാരൻ	അനഘ്ബാബു. പി
കരാർ നമ്പർ&തീയതി	AE/EKD/14/23-24 തീയതി 16.03.2024
പൂർത്തീകരണ കാലം	6 മാസം
ചെലവ്	₹1081176 Allotment No. 142/29.03.2025

മേൽ പദ്ധതി സംബന്ധിച്ച ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. കരാർ ചമച്ച് 6 മാസത്തിനുള്ളിൽ 26.07.2025 നകം പൂർത്തീകരിക്കേണ്ടുന്ന മേൽ പ്രവൃത്തി, വീണ്ടും 4 മാസം കഴിഞ്ഞ് 06.11.2024 ന് മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് 29.07.2024നും 21.10.2024നും സപ്ലിമെന്ററി കരാർ ചമച്ചിട്ടുണ്ട്. എന്നാൽ കരാറുകാരൻ കരാർ കാലാവധിക്കകം കാലാവധി ദീർഘിപ്പിക്കുന്നതിനായി അപേക്ഷ നൽകുകയോ ആയത് അസിസ്റ്റന്റ് എഞ്ചിനീയർ ശിപാർശ നടത്തുകയോ ആയതിന്റെ അടിസ്ഥാനത്തിൽ, ഭരണസമിതിയുടെ അംഗീകാരം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

2. മേൽ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട്, നിർമ്മാണത്തിനിടയിൽ തന്നെ റോഡ് തകർന്നതു സംബന്ധിച്ച് പൊതുജനങ്ങളുടെയും നാട്ടുകാരുടെയും പരാതി ഉണ്ടാകുകയും ആയത് 27.05.2024ലെ ഭരണസമിതിയിൽ, തുടർ അന്വേഷണം നടത്തി റിപ്പോർട്ട് ഹാജരാക്കുവാൻ അസിസ്റ്റന്റ് എഞ്ചിനീയറോട് നിർദേശിച്ചിട്ടുമുണ്ട്. ആയതുപ്രകാരം സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കേണ്ടതാണ്.

3. പൊതുമരാമത്ത് മാന്വൽ 2112.1 പ്രകാരവും സർക്കാർ ഉത്തരവ് (എം.എസ്) നം. 21/2024/ പി.ഡബ്ല്യു.ഡി. തീയതിഃ 02.04.2024 പ്രകാരവും യഥാസമയം പൂർത്തീകരിക്കാത്ത പ്രവൃത്തിയുടെ ആദ്യത്തെ Extension Time ന് PAC യുടെ 1% വരുന്ന തുക ഫൈൻ ഇനത്തിൽ ഈടാക്കേണ്ടതുണ്ട്. എന്നാൽ മേൽ പ്രവൃത്തിക്ക് ഫൈൻ ഈടാക്കിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 26/27.06.2025 ന് മറുപടിയായി സ്ഥലം കൈവശമുള്ളതിനാലും ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കാനുള്ളതു കൊണ്ടും പ്രവൃത്തി യഥാസമയം ആരംഭിക്കാൻ സാധ്യമായിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ കാലാവധി ദീർഘിപ്പിച്ചത് സംബന്ധിച്ച നടപടിക്രമങ്ങളുടെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

1-26 എടക്കാട് ബ്ലോക്ക് പഞ്ചായത്ത്-ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശ പ്രകാരം സംസ്ഥാനങ്ങളുടെ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2021-22 സാമ്പത്തിക വർഷം മുതൽ ആരോഗ്യ മേഖലാ ഗ്രാന്റ് അനുവദിച്ചു വരുന്നു. അതിലേക്കായി കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ 15(2)എഫ് സി/XV/FCD/20-25 16.07.2021 ലെ മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. 2021 മുതൽ 2026 വർഷം വരെയാണ് ഗ്രാന്റ് ലഭ്യമാവുക.

2021-22 വർഷത്തെ ആരോഗ്യ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ.(സാധാ)നം. 2132/2022/LSGD തീയതിഃ 31.8.2022 പ്രകാരവും 2022-23 ലെ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ.(സാധാ)നം. 2156/2022/LSGD തീയതിഃ 01.09.2022, സ.ഉ(സാധാ)നം. 1625/2023/ത.സ്വ.ഭ.വ തീയതിഃ 09.08.2023 എന്നിവ പ്രകാരവും മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നമ്പർ എഫ്.എം.3/138/2023/ത.സ്വ.ഭ.വ തീയതിഃ 23.05.2023 പ്രകാരം അവാർഡ് കാലയളവിൽ (2021-26) ലഭിക്കുന്ന ഹെൽത്ത് ഗ്രാന്റിന്റെ സുഗമമായ നിർവ്വഹണത്തിനുള്ള നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

6 സ്കീമുകളിലായി തുക ചെലവഴിക്കുന്നതിനാണ് ആരോഗ്യ ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ പ്രകാരം തുക അനുവദിച്ചിട്ടുള്ളത്. സ്കീം 1, 3, 4 എന്നിവയാണ് ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമായിട്ടുള്ളത്. സ്കീം 2 ബ്ലോക്ക് പഞ്ചായത്തിനും സ്കീം 5, 6 എന്നിവ നഗരസഭാസ്ഥാപനങ്ങൾക്കുമാണ് ബാധകം.

ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിൽ പൊതുജനാരോഗ്യ യൂണിറ്റുകൾ ആരംഭിക്കുന്നതിന് **സ്കീം 2 – ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം** എന്ന സ്കീമിന്റെ ഭാഗമായി സർക്കാർ നടപടിയെടുത്തിട്ടുണ്ട്. ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുവാൻ സർക്കാർ തെരഞ്ഞെടുത്തിട്ടുള്ള ആരോഗ്യ സ്ഥാപനങ്ങളിലാണ് പൊതുജനാരോഗ്യ യൂണിറ്റുകൾ ആരംഭിക്കേണ്ടത്. സ്കീം 2 പ്രകാരം ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ പൊതുജനാരോഗ്യ പ്രവർത്തനത്തിനു വേണ്ട വിവരസാങ്കേതിക ഉപകരണങ്ങൾ വാങ്ങൽ, ലാബ് ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ലാബ് പ്രവർത്തനത്തിനാവശ്യമായ മറ്റു സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ലാബിലേക്കുള്ള റീയജന്റ്, കിറ്റ് തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനാണ് തുക അനുവദിക്കുന്നത്.

എടക്കാട് ബ്ലോക്ക് പഞ്ചായത്തിൽ സ്കീം 2 പ്രകാരം ലഭിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ 24.06.2025ലെ ഓഡിറ്റ് എൻക്വയറി (എൻക്വയറി നമ്പർ 2) പ്രകാരം ലഭ്യമായിട്ടുണ്ട്. ആയത് ചുവടെ ചേർക്കുന്നു.

A. **2021-22 മുതൽ 2024-25 വരെ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുകയും അവയുടെ ചെലവും സംബന്ധിച്ച കണക്കുകൾ**

2021-22 വർഷത്തെ ഹെൽത്ത് ഗ്രാന്റ് 2022-23 സാമ്പത്തിക വർഷം 29.06.2022 നും 2023-24 വർഷത്തെ ഹെൽത്ത് ഗ്രാന്റ് 2024-25 സാമ്പത്തിക വർഷം 04.03.2025 നുമാണ് ലഭ്യമായിട്ടുള്ളത്.

വർഷം	ലഭിച്ച തുക (₹)	പലിശ (₹)	ആകെ (₹)	ചെലവഴിച്ച തുക (₹)	നീക്കിയിരിപ്പ് (₹)
2021-22	0	0		0	0
2022-23	2550000	44199	2594199	1960016	634183
2023-24	0	23026	23026	489502	167707
2024-25	2895000	11211	2906211	78000	2995918
ആകെ	5445000	78436	5523436	2527518	2995918

ഹെൽത്ത് ഗ്രാന്റ് ഇനത്തിലുള്ള നീക്കിയിരിപ്പ് പലിശ ഉൾപ്പെടെ ₹2995918 ആണ്.

B. **2021-22 വർഷത്തിലെ ഹെൽത്ത് ഗ്രാന്റ്റ് ഇനത്തിൽ ലഭിച്ച തുകയുടെ വിനിയോഗം നടത്തിയ പദ്ധതികൾ.**

വർഷം	പ്രൊജക്ടിന്റെ പേര്, നമ്പർ	നിർവ്വഹണ ഉദ്യോഗസ്ഥൻ	വകയിരുത്തിയ തുക	ചെലവ് തുക ₹	നീക്കിയിരിപ്പ്	കുറിപ്പ്
2022-23	ലാബ് സൗകര്യം മെച്ചപ്പെടുത്തൽ 100/23	മെഡിക്കൽ ഓഫീസർ	1500000	1500000	0	പ്രോജക്ട് പൂർത്തീകരിച്ചു
	സി എച്ച് സി യിൽ കമ്പ്യൂട്ടർ ഉപകരണങ്ങൾ വാങ്ങൽ-101/23	സെക്രട്ടറി	547000	315520	231480	പ്രോജക്ട് പൂർത്തീകരിച്ചു
	സി എച്ച് സി ഇരിവേരി-അലൂമിനിയം പാർട്ടീഷൻ 102/23	അസിസ്റ്റന്റ് എഞ്ചിനീയർ	200000	144496	55504	പ്രോജക്ട് പൂർത്തീകരിച്ചു
	സി എച്ച് സി ഇരിവേരി ഫർണ്ണിച്ചർ വാങ്ങൽ-103/23	അസിസ്റ്റന്റ് എഞ്ചിനീയർ	303000	0	303000	പ്രോജക്ട് പൂർത്തീകരിച്ചു
2023-24	സി എച്ച് സി യിൽ കമ്പ്യൂട്ടർ പ്രിന്റർ മറ്റ് ഉപകരണങ്ങൾ വാങ്ങൽ-79/24	സെക്രട്ടറി	231480	228340	3140	പ്രോജക്ട് പൂർത്തീകരിച്ചു
	സി എച്ച് സി ഇരിവേരി ഫർണ്ണിച്ചർ	അസിസ്റ്റന്റ് എഞ്ചിനീയർ	303000	261162	41838	പ്രോജക്ട് പൂർത്തീകരിച്ചു

	വാങ്ങൽ-121/24					
	സി എച്ച് സി ഇരിവേരി-അലുമിനിയം പാർട്ടീഷൻ 151/24	അസിസ്റ്റന്റ് എഞ്ചിനീയർ	55504	0	55504	സാങ്കേതിക കാരണം കൊണ്ട് സുലേഖയിൽ അടങ്കൽ കാണിച്ചതാണ്
2024-25	സിഎച്ച്സി ഇരിവേരിയിൽ യു പി എസ് വാങ്ങൽ-143/25	സെക്രട്ടറി	78000	78000	0	പ്രോജക്ട് പൂർത്തീകരിച്ചു
	സിഎച്ച്സി ഇരിവേരിയിൽ പ്രിന്റർ വാങ്ങൽ-156/25	സെക്രട്ടറി	22482	0	22482	സ്പിൽ ഓവർ പദ്ധതിയായി 2025-26 വർഷത്തിലേക്ക് ട്രാൻസ്ഫർ ചെയ്തി ട്ടുണ്ട്.

2023-24 വർഷത്തിലെ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുകയുടെ വിനിയോഗം നടത്തിയ പദ്ധതികൾ.

വർഷം	പ്രൊജക്ടിന്റെ പേര്, നമ്പർ	നിർവ്വഹണ ഉദ്യോഗസ്ഥൻ	വകയിരുത്തിയ തുക	ചെലവ് തുക ₹	നീക്കിയിരിപ്പ്	കുറിപ്പ്
2023-24	ലാബ് ഉപകരണങ്ങൾ വാങ്ങൽ-151/24	മെഡിക്കൽ ഓഫീസർ	2717000	0	2717000	സ്പിൽ ഓവർ പദ്ധതിയായി 2025-26 വർഷത്തിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.
	സി എച്ച് സി ഇരിവേരിയിൽ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ചുള്ള ഓഫീസ് ചെലവു കൾ-152/24	മെഡിക്കൽ ഓഫീസർ	178000	0	178000	സ്പിൽ ഓവർ പദ്ധതിയായി 2025-26 വർഷത്തിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

C. **ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് സൃഷ്ടിച്ച ആസ്തിയുടെ വിവരം ചുവടെ ചേർക്കുന്നു.**

1. ഫർണ്ണിച്ചർ
2. ഡെസ്ക്ക്ടോപ്പ് കമ്പ്യൂട്ടർ – 8 എണ്ണം
3. പ്രിന്റർ – 7 എണ്ണം
4. കളർ പ്രിന്റർ - 1
5. അലുമിനിയം പാർട്ടീഷൻ
6. യു പി എസ്

ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുകയുടെ വിനിയോഗം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് പ്രീമിയം ഒടുക്ക് വിവരങ്ങൾ

എ) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

(01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
26	156000	156000	0	ഇല്ല

ബി) മെഡിസെപ് പ്രീമിയം ഒടുക്ക് (01.04.20204 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/22 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	റിമാർക്സ്
ഇല്ല				

സി) മെഡിസെപ് പ്രീമിയം ഒടുക്ക് (01.07.2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/22 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ഇല്ല				

ഡി) മെഡിസെപ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ	സർവ്വീസിൽ	മെഡിസെപ്	മെഡിസെപ്	ഒടുക്കാൻ	റിമാർക്സ്

എണ്ണം	പ്രവേശിച്ച മാസം	പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ	പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ബാക്കി നിൽക്കുന്ന തുക	
ഇല്ല			0	0	

4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	വാർഷിക കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2024-25	23.06.2025 & 24.06.2025	നമ്പർ.കെ.എസ്.എ/കെ.എൻ.ആർ/ സി.8/ 1090/2025 തീയതിഃ 24.09.2025

4-3 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ക്രമ നമ്പർ	വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക (₹)	പദ്ധതിയുടെ നമ്പർ പേര്	ചെലവഴിച്ച തുക (₹)	നീക്കിയിരിപ്പ് (₹)
1	ജില്ലാ പഞ്ചായത്ത്	2254000	155/25 പി എം എ വൈ ഭവന നിർമ്മാണം	2254000	ഇല്ല
2	ഗ്രാമപഞ്ചായത്ത്	2016042	155/25 പി എം എ വൈ ഭവന നിർമ്മാണം	2016042	ഇല്ല

4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്, പ്രോജക്ട് നമ്പർ	നല്കിയ തുക (₹)	ബിൽ നമ്പർ തീയതി	വിനിയോഗിച്ച തുക (₹)	റിമാർക്സ്
PWD ഇലക്ട്രോണിക്സ് വിഭാഗം, തൃശ്ശൂർ	സി എച്ച് സി ഇരിവേരിയിൽ സി.സി. ടിവി സ്ഥാപിക്കൽ 131/25	1300000	144 തീയതി 10.12.2024	-	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

4-6 വായ്പ,വായ്പ തിരിച്ചടവ്

ഇല്ല

4-7 സ്ഥിര നിക്ഷേപം

ഇല്ല

4-8 ഓഡിറ്റ് റിക്കവറി

ഇല്ല

4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക നമ്പർ	ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക നമ്പർ	പരാമർശ വിഷയം	നിലവിലെ അവസ്ഥ
2003-04	4-12	1999-00	30	ലേബർ കോൺട്രാക്ട് സൊസൈറ്റി വിജയിച്ചില്ല	പരാമർശം നിലനിൽക്കുന്നു
2012-13	അവലോകനം 3.4.5.2	-	-	ലേബർ ബഡ്ജറ്റും വാർഷിക പദ്ധതിയും ഗ്രാമസഭകളുടെ പ്രവർത്തനം	പരാമർശം നിലനിൽക്കുന്നു

4-10 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	9,12,65,413
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	8,75,46,802
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല.
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	₹2897561

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തടസ്സപ്പെടുത്തിയ തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-13	11,00,000	ഡോ.മായ.കെ ,മെഡിക്കൽ ഓഫീസർ, സി.എച്ച്.സി
1-17	10,464	ഡോ.മായ.കെ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി

1-18	13,00,000	ശ്രീമതി പ്രസീത.കെ.വി, സെക്രട്ടറി
1-19	2,00,000	ശ്രീമതി പ്രസീത.കെ.വി, സെക്രട്ടറി
1-20	2,00,000	ശ്രീമതി പ്രസീത.കെ.വി, സെക്രട്ടറി
1-22	87,097	ശ്രീമതി പ്രസീത.കെ.വി, സെക്രട്ടറി
ആകെ തുക	₹2897561	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേര്, തസ്തിക	ഔദ്യോഗിക വിലാസം	സ്ഥിരം വിലാസം
ശ്രീമതി പ്രസീത കെ.വി, സെക്രട്ടറി	സെക്രട്ടറി, എടക്കാട് ബ്ലോക്ക് പഞ്ചായത്ത്	രവീന്ദ്ര, നടാൽ, എടക്കാട്(പി ഒ)
ഡോ.മായ കെ, മെഡിക്കൽ ഓഫീസർ സി.എച്ച്.സി.	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി പരിയാരം	യദുകുലം, പി.ഒ. തയ്യിൽ, മരക്കാർകണ്ടി

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1998-99	നം.കെ.എസ്.എ/ കെ.എൻ.ആർ/സി.8/711/2025 തീയതി: 29.05.2025	3
1999-00	നം.കെ.എസ്.എ/ കെ.എൻ.ആർ/സി.8/711/2025 തീയതി: 29.05.2025	1
2002-03	നം.കെ.എസ്.എ/ കെ.എൻ.ആർ/സി.8/711/2025 തീയതി: 29.05.2025	1
2006-07	നം.കെ.എസ്.എ/ കെ.എൻ.ആർ/സി.8/711/2025 തീയതി: 29.05.2025	2
2007-08	നം.കെ.എസ്.എ/ കെ.എൻ.ആർ/സി.8/711/2025 തീയതി: 29.05.2025	1

2008-09	നം.കെ.എസ്.എ/ കെ.എൻ.ആർ/സി.8/711/2025 തീയതി: 29.05.2025	11
2009-10	നം.കെ.എസ്.എ/ കെ.എൻ.ആർ/സി.8/711/2025 തീയതി: 29.05.2025	5
2010-11, 2011-12	നം.കെ.എസ്.എ/ കെ.എൻ.ആർ/സി.8/711/2025 തീയതി: 29.05.2025	10
2012-13, 2013-14, 2014-15	നം.കെ.എസ്.എ/ കെ.എൻ.ആർ/സി.8/711/2025 തീയതി: 29.05.2025	1
2016-17	നം.കെ.എസ്.എ/ കെ.എൻ.ആർ/സി.8/711/2025 തീയതി: 29.05.2025	1
2017-18	നം.കെ.എസ്.എ/ കെ.എൻ.ആർ/സി.8/711/2025 തീയതി: 29.05.2025	4
2018-19	നം.കെ.എസ്.എ/ കെ.എൻ.ആർ/സി.8/711/2025 തീയതി: 29.05.2025	3
2019-20	നം.കെ.എസ്.എ/ കെ.എൻ.ആർ/സി.8/711/2025 തീയതി: 29.05.2025	7
2020-21	നം.കെ.എസ്.എ/ കെ.എൻ.ആർ/സി.8/711/2025 തീയതി: 29.05.2025	3
2021-22	നം.കെ.എസ്.എ/ കെ.എൻ.ആർ/സി.8/711/2025 തീയതി: 29.05.2025	5
2022-23	നം.കെ.എസ്.എ/ കെ.എൻ.ആർ/ സി.6/2000/2023 തീയതി:19.02.2024	17
2023-24	നം.കെ.എസ്.എ/ കെ.എൻ.ആർ/ സി.8/1855/2024 തീയതി: 08.01.2025	28

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 5/1 dated 30-04-2025 and submitted on 17-05-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Edakkad Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Edakkad Block Panchayat as on 31-03-2025

Date: 24/09/2025

Senior Deputy Director
District Office Kannur
Kerala State Audit Department

Audit Report appended to the Audit Certificate of Edakkad Block Panchayat for the Year 2024-2025 .

1.Major Observations

NIL

2.Other Observations

1) Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

2) The mandatory financial statements prescribed in accounting rules are not submitted for audit.
3) The value of the land is not included in the Annual Financial Statement.
4) The Asset value shown in balance sheet is not traceable to Asset Register as it is not updated.
5) Appropriation Control Register is not maintained.
6) Development Fund General-Expenditure in the AFS and that in the Sulekha expenditure statement do not match with.
7) Expenditure in respect of all the projects are not included in the sulekha expenditure statement.
8) Amount given to PWD for executing deposit works against which utilisation certificate is not sanctioned is not included in B18 schedule of Balance Sheet.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-3
വാർഷിക ധനകാര്യ പത്രികകൾ

RECEIPT & PAYMENT STATEMENT

Edakkad Block Panchayat RECEIPT & PAYMENT STATEMENT			
For the period from 01-April-2024 to 31-March-2025			
Code.No	Description of Items	Schedule No	Amount
	RECEIPTS		
	Opening Balance		
Bank	Bank	RP-40(a)	11946213.00
Cash	Cash	RP-40(a)	0.0
	Operating		
110000000	Tax Revenue	RP-1	0.0
130000000	Rental income from Panchayat Properties	RP-3	17500.00
140000000	Fees & User Charges	RP-4	104527.00
150000000	Sale & Hire Charges	RP-5	176489.00
160000000	Revenue Grants, Funds, Contributions & Compensations	RP-7	53062423.00
171000000	Interest Earned	RP-9	0.0
320000000	Grants, Funds & Contributions for Specific Purposes	RP-31	15245772.00
350000000	Other Liabilities	RP-36	612000.00
	Non Operating		
340000000	Deposits Received	RP-34	199634.00
350000000	Other Liabilities	RP-36	234897.00
431000000	Sundry Debtors (Receivables)	RP-43	20683221.00
460000000	Loans, Advances and Deposits	RP-47	928950.00
	Grand total		**103211626.00**
	PAYMENTS		
	Operating		
210000000	Establishment Expenses	RP-11	3087025.00
220000000	Administrative Expenses	RP-12	1046591.00
230000000	Operations & Maintenance	RP-13	719542.00

250000000	Decentralised Plan Programme-Productive Sector	RP-15	4987572.00
251000000	Decentralised Plan Programme-Service Sector	RP-16	30013273.00
252000000	Decentralised Plan Programme-Infrastructure Sector	RP-17	4944331.00
253000000	Decentralised Plan Programme- Projects not included in Sector Division	RP-18	509543.00
254000000	Expenditures of Transferred institutions and State Sponsored Schemes	RP-19	100519.00
255000000	Maintenance Projects	RP-20	2496424.00
256000000	Other Revenue Grants and Funds - Revenue Expenses	RP-21	38000.00
260000000	Grants, Contributions and Compensations from Own Fund	RP-22	500000.00
280000000	Prior Period Item / Transfer to Reserve Funds(ILGMS)	RP-26	201.00
320000000	Grants, Funds & Contributions for Specific Purposes	RP-31	241960.00
350000000	Other Liabilities	RP-36	10253570.00
	Non Operating		
240000000	Interest & Finance Charges	RP-14	122.00
340000000	Deposits Received	RP-34	136228.00
350000000	Other Liabilities	RP-36	659980.00
410000000	Fixed Assets	RP-38	3101103.00
412000000	Capital work in Progress	RP-40	921375.00
430000000	Stock-in-hand	RP-42	0.0
431000000	Sundry Debtors (Receivables)	RP-43	22992372.00
460000000	Loans, Advances and Deposits	RP-47	924071.00
470000000	Other Assets	RP-49	-127000.00
	Closing Balance		
Bank	Bank	RP-40(b)	15664824.00
Cash	Cash	RP-40(b)	0.0
	Grand Total		**103211626.00**

INCOME & EXPENDITURE STATEMENT

Edakkad Block Panchayat INCOME & EXPENDITURE STATEMENT			
For the period from 01-April-2024 to 31-March-2025			
Code.No	Description of Items	Schedule No	Amount
	INCOME		
110000000	Tax Revenue	I-1	0.0
130000000	Rental Income from Panchayat / Municipal Properties	I-3	1163232.00
140000000	Fee & User Charges	I-4(b)	118917.00
150000000	Sale & Hire Charges	I-5(b)	194577.00
160000000	Revenue Grants, Funds, Contributions & Compensations / Subsidies	I-6	65179380.00
171000000	Interest Earned	I-8	0.0
	Total Income		**66656106.00**
	EXPENDITURE		
210000000	Establishment Expenses	I-10(b)	3087025.00
220000000	Administrative Expenses	I-11(b)	1046591.00
230000000	Operations & Maintenance	I-12(b)	1766155.00
240000000	Interest & Finance Charges	I-13	122.00
250000000	Decentralised Plan Programme-Productive Sector / Programme Expenses	I-14	9189332.00
251000000	Decentralised Plan Programme-Service Sector	I-14(a)	30650984.00
252000000	Decentralised Plan Programme-Infrastructure Sector	I-14(b)	7115009.00
253000000	Decentralised Plan Programme-Projects not included in Sector Division	I-14(c)	2234198.00
254000000	Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme)	I-14(d)	136319.00
255000000	Maintenance Projects	I-14(e)	2496424.00
256000000	Other Revenue Grants and Funds - Revenue Expenses	I-15(a)	588371.00

260000000	Grants, Contributions & Compensation from Own Fund / Subsidies	I-15	500000.00
272000000	Depreciation	I-17(a)	3139626.00
	Total Expenditure		**61950156.00**
	Gross Surplus / Deficit of income over Expenditure		**4705950.00**
280000000	Prior Period Item / Transfer to Reserve Funds(ILGMS)	I-18	8294807.00
	Net difference (Prior period Income - Prior period Expenditure)		**-3588857.00**
290000000	Transfer to Reserve Funds/Prior Period Item (ILGMS)	I-18(a)	0.0

BALANCE SHEET

	Edakkad Block Panchayat **BALANCE SHEET**		
	For the period from 01-April-2024 to 31-March-2025		
Code.No	Description of Items	Schedule No	Amount
	LIABILITIES		
	Reserve & Surplus		
310000000	Panchayat / Municipal Fund	B-1	-6670005.00
312000000	Reserves	B-3	78161177.00
	Total Reserve & Surplus		**71491172.00**
	Grants, Contributions for Specific Purposes		
320000000	Grants, Funds & Contribution for Specific Purposes	B-4	16350576.00
	Total Grants, Contributions for Specific Purposes		**16350576.00**

	Loans		
330000000	Secured Loans	B-5	0.0
	Total Loans		**0.0**
	Current Liabilities & Provisions		
340000000	Deposits Received	B-7	1879369.00
350000000	Other Liabilities	B-9	21449.00
	Total Current Liabilities and Provisions		**1900818.00**
	TOTAL LIABILITIES		**89742566.00**
	ASSETS		
	Fixed Assets		
410000000	Fixed Assets	B-11	67942051.00
411000000	Accumulated Depreciation	B-11	-18901114.00
412000000	Capital Work in Progress	B-11(a)	921375.00
	Total Fixed Assets		**49962312.00**
	Investments		
420000000	Investments-General Fund	B-12	0.0
	Total Investments		**0.0**
	Current Assets, Loans and Advances		
430000000	Stock-in-hand	B-14	0.0
431000000	Sundry Debtors (Receivables)	B-15	23422858.00
450000000	Cash and Bank Balance	B-17	15664824.00
460000000	Loans, Advances and Deposits	B-18	692572.00

	Total Current Assets, Loans and Advances		**39780254.00**
	Other Assets		
470000000	Other Assets	B-19	0.0
	Total Other Assets		**0.0**
	Miscellaneous Expenditure (To the Extent not written off)		
	TOTAL ASSETS		**89742566.00**

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ